


# കാലത്തിന്റെ കളി

ജോസഫ് ചെറുവത്തൂർ

11953

# കാലത്തിന്റെ കളി

DISTRIBUTING LIBRARY

(Malayalam)

Kalathinte Kali

Novel

By JOSEPH CHERUVATHUR

Kunnamkulam

First Published 1951

Reprinted 1954, March 1966

Printed at

Mar Narsai Press, Trichur

Price Re. 1.00

MF3

Copyright

Joseph Cheruvathur

Published by the Author

Distributors:

NATIONAL BOOK STALL

Kottayam Kerala State India

4953

# കാലത്തിന്റെ കളി

(നോവൽ)

79792
KOTTAYAM.

ജോസഫ് ചെറുവത്തൂർ

DISTRIBUTING LIBRARY.
No.
KOTTAYAM.

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1.00

## ജോസഫ് ചെറുവത്തൂരിന്റെ

### കൃതികൾ

അന്നക്കുട്ടി

വളർത്തുമകൾ

പാൽക്കാരി

കാലത്തിന്റെ കളി

അരുണൻ

കാലം തെളിഞ്ഞു

അച്ഛനും മകനും

ചോരപുരണ്ട മുല്ലമൊട്ടുകൾ

അശ്രുധാര

യാചകി

വികാരവീചിക

നിലാവും നിഴലും

പൊന്നിൽപ്പെണ്ണ്

ചെറുവത്തൂർ കഥകൾ

കുട്ടികളുടെ ആലിബാബ

ലുബ്ധന്മാർ

ആദർശകഥകൾ

മണിവിളക്കുകൾ

ഏഷ്യയുടെ വാനമ്പാടി

സരള ഇംഗ്ലീഷ് മലയാളം നിഘണ്ടു

3–1000

11953
KOTTAYAM

# അവതാരിക.

ശ്രീമാൻ ജോസഫ് ചെറുവത്തൂർ കേരളീയരായ വായനക്കാർക്ക് ഒട്ടും അപരിചിതനല്ല. അദ്ദേഹം അനുഷ്ഠിച്ചുവരുന്ന സാഹിതീസേവനം അദ്ദേഹത്തെ കേരളക്കരയിൽ സുപരിചിതനാക്കിയിരിക്കുന്നു. കവിത, നോവൽ, ചെറുകഥ, നാടകം, ആദിയായി സാഹിത്യത്തിൻെറ വിവിധ രംഗങ്ങളിലും വിഹരിച്ചു്, കൊല്ലംതോറുമെന്നവണ്ണം ഓരോ പുതിയ ഗ്രന്ഥം കൈരളീദേവിക്കു് അദ്ദേഹം കാഴ്ചവെക്കാറുണ്ടു്. "കാലത്തിൻെറ കളി" എന്ന പ്രസ്തുത ലഘു നോവലും മി. ജോസഫ് ചെറുവത്തൂരിൻെറ കലാകുശലതയ്ക്കു് നിദർശനമത്രെ.

കാലത്തിൻെറ കളി ആക്കം കണ്ടുതന്നെ അറിയേണ്ടതാണു്. കുന്നു കുഴിയാകുന്നതും, കുഴി കുന്നാകുന്നതും, കുബേരൻ കുചേലനായും, കുചേലൻ കുബേരനായും രൂപം മാറുന്നതും, കാലത്തിൻെറ കളികൊണ്ടു മാത്രമാകുന്നു. ഇപ്രകാരമുള്ള ലോകസാധാരണങ്ങളായ സംഭവവികാസങ്ങളെ സരസമായി പ്രതിപാദിക്കുന്ന ഈ ചെറിയ ആഖ്യായികയെ, സഹൃദയസമക്ഷം അവതരിപ്പിക്കുന്നതിൽ എനിക്കു് അത്യധികം സന്തോഷമുണ്ടു്.

അഞ്ചു്.

ഈ കഥയിൽ വളരെ ചുരുക്കം കഥാപാത്രങ്ങളേയുള്ളു. എന്നാൽ ഉള്ളവർ എല്ലാംതന്നെ കഥയിൽ സജീവമായി പങ്കെടുക്കുന്നവരാണ്. അതുകൊണ്ടു് വായനക്കാരുടെ ഹൃദയത്തിൽ നിന്നു് അവർ പെട്ടെന്നു് മാഞ്ഞുപോകുന്നില്ല. ചാക്കൊ മുതലാളി, ചാണ്ടിമേസ്തരി, മുതലാളിയുടെ മകൻ മാത്തൻ, മേസ്തരിയുടെ മകഠം കൊച്ചുമേരി, മാത്തൻെറ ഗുരുനാഥൻ പ്രിൻസിപ്പൽ ഖാൻ സാഹിബ്, ബോമ്പയിലെ ഒരു വത്തകപ്രമാണിയായ ഹാജി മൂസാ കാസിംസേട്ടു് എന്നിവർ മാത്രമാണു് ഇതിലെ പാത്രങ്ങഠം.

കാലത്തിൻെറ കളിയെ സ്പഷ്ടമായി ഉദാഹരിക്കുന്ന ഈ കഥ സ്നേഹത്തിൻെറ കളിക്കും ഒരു തികഞ്ഞ ഉദാഹരണമാകുന്നു. മിത്രസ്നേഹമോ, പിതൃപുത്രസ്നേഹമോ, ഗുരുശിഷ്യസ്നേഹമോ, ഏതാണ് മേലെ നില്ക്കുന്നതെന്നു് ഈ കഥ വായിക്കുന്നവക്കു് സംശയം തോന്നും.

ചാക്കോ മുതലാളിയുടെ നിര്യാണം, പ്രിൻസിപ്പലും മാത്തനും കൂടിയുള്ള സന്ദശ്നം, മാത്തൻെറ പുനരാഗമനം മുതലായ പല രംഗങ്ങളും വായനക്കാരുടെ ഹൃദയത്തെ ദ്രവിപ്പിക്കത്തക്കവയാണു്. സാഹിത്യഗുണം തികഞ്ഞ ഈ ചെറുപുസ്തകം കൈരളിക്കു് കൈവന്ന ഒരു യഥാത്ഥ സമ്പാദ്യം തന്നെയെന്നു് നിസ്സംശയം പറയാം.

ആറ്.

സത്യം, ത്യാഗം, ദയ, സ്നേഹം എന്നിത്യാദി ഉൽകൃഷ്ടഗുണങ്ങളെ ഉപദേശിയ്ക്കുന്നതും, സദാചാര പരമായ തത്വങ്ങളെ ഉദാഹരിയ്ക്കുന്നതും, അശ്ലീലാദിദോഷങ്ങളാൽ അസ്പൃഷ്ടവുമായ ഈ കഥാപുസ്തകം, ലോവർ സെക്കണ്ടറി ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഒരു ഉപപാഠഗ്രന്ഥമാകുവാൻ തികച്ചും അർഹതയുള്ളതാകുന്നു.

ഈ യുവഗ്രന്ഥകാരന്നു് ഭാവിയിൽ സകല ഭാവുകങ്ങളും നേൎന്നുകൊണ്ടു് ഈ പുസ്തകം ഞാൻ പൊതുജനഹസ്തങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നു.

തൃശ്ശൂർ,
9—9—1951.

എന്നു്,
കെ. വി. എം.

KOTTAYAM PUBLIC LIBRARY

# കാലത്തിൻെറ കളി.

**ഒന്നു്.**

"ഷാജഹാൻ" കോളേജിലെ പ്രിൻസിപ്പൽ മി. ഖാൻ സാഹിബ്‌ തൻെറ ആഫീസ്സ്‌ മുറിയിൽ, കൂട്ടിലിട്ട ഒരു മെരുവിനെപ്പോലെ, അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുവാൻ തുടങ്ങി. അദ്ദേഹത്തിൻെറ ഇടത്തു കൈയിൽ, ഒരു ഇളം മഞ്ഞക്കടലാസ്സുകഷ്ണം കിടന്നു് വിറയ്ക്കുകയാണു്. ഇടയ്ക്കിടെ പ്രിൻസിപ്പൽ ആ കടലാസ്സിലേയ്ക്കു് വിരികണ്ണോടെ നോക്കി എന്തൊക്കെയോ മന്ത്രിയ്ക്കുന്നുമുണ്ടു്. അദ്ദേഹത്തിൻെറ വിശാലമായ നെററിത്തടത്തിൽ വിയർപ്പുതുള്ളികൾ പൊടിഞ്ഞുനിന്നിരുന്നു.

അസുഖകരമായ എന്തോ ഒരു പ്രത്യേക സംഗതി ആ കടലാസ്സിൽ സ്ഥലം പിടിച്ചിട്ടുണ്ടാകുമെന്നു്, മുഖഭാവം കണ്ടാൽ ആക്കും അനുമാനിയ്ക്കാം. അതെ, അതൊരു കമ്പിയായിരുന്നു. തൻെറ സ്നേഹത്തിന്നും വാത്സല്യത്തിന്നും, വിശിഷ്യാ കോളേജിൻെറ അഭിനന്ദനത്തിന്നും പാത്രീഭൂതനായി, ബി. എ. പരീക്ഷയ്ക്കു് അപ്പോൾ അവിടെ ഇരുന്നു് എഴുതുന്ന മാത്തനെ, സ്വപിതാവിൻെറ ആസന്നമരണാവസ്ഥയിൽ ഒരു നോക്കു് കണ്ടു് അനുഗ്രഹം പ്രാപിയ്ക്കുവാൻ, ഉടനെ പറഞ്ഞയയ്ക്കണമെ

ന്നു് അഭ്യത്ഥിയ്ക്കുന്ന, ഒരു കമ്പി സന്ദേശമായിരുന്നു അതു്.

പ്രിൻസിപ്പൽ വലിയ ധമ്മസങ്കടത്തിലായി.

“അഞ്ചരമണിയ്ക്കല്ലേ എക്സ്പ്രസ്സ് ട്രെയിൻ? ഇന്നു നാലുമണിയ്ക്കു് പരീക്ഷയെല്ലാം അവസാനിയ്ക്കുകയും ചെയ്യും. ഈ ദുരന്തവത്തമാനം ഉടൻതന്നെ പിതൃഭക്തശിരോമണിയായ മാത്തനെ അറിയിച്ചാൽ, ഒരക്ഷരംപോലും ഇനി അയാറംക്കു് എഴുതുവാൻ കഴികയില്ല. തൻമൂലം നിശ്ചയമായും അയാറം പരീക്ഷയിൽ പരാജിതനാകും. അത്രയ്ക്കു് മൃദുലമനസ്ക്കനാണു് ആ യുവാവ്. തീവണ്ടി വഴിയ്ക്കല്ലാതെ യാത്രയ്ക്കു് മററു മാർഗ്ഗങ്ങളില്ലാതിരിയ്ക്കെ, ഇപ്പോറംത്തന്നെ ഈ ദുഃഖവാത്ത അറിയിയ്ക്കുന്നതുകൊണ്ടുള്ള സാദ്ധ്യതയെന്താണു്? ഇനിഎന്തുവേണം ഹള്ളാ?”

ഏവം വിധങ്ങളായ ചിന്തകറം, അദ്ദേഹത്തിൻെറ ഹൃദയത്തിൽ കടൽത്തിരപോലെ ഉയരുവാൻ തുടങ്ങി. അനന്തരം ഉറച്ച മതവിശ്വാസിയായ പ്രിൻസിപ്പൽ, മേശപ്പുറത്തിരിക്കുന്ന വി. ഖുറാൻ ഗ്രന്ഥം ഭക്തിപൂവ്വം തുറക്കുകയും, തൽസമയം തൻെറ ദൃഷ്ടിയിൽപ്പെട്ട ഒരു മഹദ്‌വാക്യം ഹൃദയപൂവ്വം ധ്യാനിച്ചു്, എന്തോ ഒരു മനസ്സമാധാനം കൈവന്നതുപോലെ ‘ഇപ്പോറം വിവരമറിയിയ്ക്കുവയ്യ’ എന്നു, തീരുമാനിയ്ക്കുകയും ചെയ്തു.

പാഠശാലയിൽ കാലെടുത്തുവെച്ച കാലം മുതൽ, ബി. ഏ. ക്ലാസ്സുവരെ, പല പല സമ്മാനങ്ങളും, സ്കോളർഷിപ്പുകളും സമ്പാദിച്ച ഒരുത്തമ വിദ്യാത്ഥിയാണു് മാത്തൻ. ഷാജഹാൻ കോളേജിൻെറ അഭിമാനസ്തംഭവും

പ്രിൻസിപ്പലിൻെറ കണ്ണിലുണ്ണിയും, ആ യുവാവത്രെ. പഠിപ്പിലെന്നപോലെ കായിക വിനോദങ്ങളിലും മാത്തൻ അദ്വിതീയനാണു്. വിവിധ മത്സരക്കളികളിലും പന്തയങ്ങളിലും വിജയിച്ചതിൻെറ ഫലമായി ലഭിച്ച, പല തരത്തിലും രൂപത്തിലുമുള്ള കപ്പുകളും, മെഡലുകളും മററും അലങ്കരിച്ചുവെച്ചിരിക്കുന്ന ആ യുവ ചാമ്പിയൻെറ വസതി കണ്ടാൽ, ഒരു പ്രദശ്നശാലയെന്നേ തോന്നുകയുള്ളു. ഇങ്ങനെ സവ്വപ്രകാരേണയും യോഗ്യനായ ഒരു വിദ്യാത്ഥിയുടെ വഷാന്തപ്പരീക്ഷാവിജയത്തിന്നു് വിഘാതമുണ്ടാക്കുന്ന ആ കമ്പി സന്ദേശം, പ്രിൻസിപ്പൽ ഔചിത്യപൂവ്വം ഏതാനും മണിക്കൂറുകൾക്കു് നീട്ടിവെച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ.

## രണ്ടു്.

കൊച്ചിയിലെ ഒരു സുപ്രസിദ്ധ വണിഗ്വരനായിരുന്നു ചാക്കോ മുതലാളി. അമ്പത്തിയഞ്ചിൽ കവിഞ്ഞ പ്രായം. തടിച്ചു് പൊക്കംകൂടിയ വെളുത്ത ദേഹം. മുഖത്തിന്നു് ഗാംഭീര്യം വൎദ്ധിപ്പിക്കുന്ന നരച്ച മേൽമീശ. ആരിലും അനുകമ്പ പൊഴിക്കുന്ന തെളിഞ്ഞ നോട്ടം. ഫലിതം തുളുമ്പുന്ന സംഭാഷണം. അങ്ങനെ പോകും ആ വൎത്തകപ്രമാണിയുടെ തൂലികാചിത്രം.

ദാരിദ്ര്യത്തിൻെറ മൺകുഴിയിൽനിന്നു് സമ്പത്തിൻെറ പച്ചവിരിച്ച തുംഗശൃംഗത്തിലേയ്ക്കു് അദ്ദേഹം പറന്നുയൎന്നതു്, ഇന്നും ഇന്നലെയുമല്ല. എത്ര വമ്പിച്ച തോതിലുള്ള ഒരു വ്യാപാരമാണു് അദ്ദേഹം നടത്തിവരുന്നതെന്നോ? കേരളത്തിലെ കേളികേട്ട വിഭവങ്ങളായ കൊപ്ര, കുരുമുളകു്, ചുക്കു്, കശുഅണ്ടി, ഏലക്കായ, മുതലായവ അദ്ദേഹത്തിൻെറ പ്രധാന വ്യാപാരവസ്തുക്കളാണു്. മേൽപ്പറഞ്ഞ ചരക്കുകൾക്കു് വിപണിയിൽ വില നിൎണ്ണയിയ്ക്കുന്നതും ചാക്കോ മുതലാളിയത്രെ. കശുഅണ്ടിയ്ക്കും കുരുമുളകിന്നും മററും, കണ്ടിപ്പുറത്തു് നൂറൊനൂററമ്പതോ രൂപ കൂടുതൽക്കുറവുണ്ടാക്കുന്നതിന്നു്, മുതലാളിയുടെ തടിച്ച കൺപുരികമൊന്നു് വളയുകയോ, ചുളിയുകയോ, ചെയ്താൽ മാത്രം മതി.

കച്ചവടത്തിൽ സ്വന്തമായിത്തന്നെ നിരവധി പണം മുടക്കിയിട്ടുണ്ടെങ്കിലും, നാൾക്കുനാൾ വ്യാപാരം

വിപുലമായീവരുന്നതിനാൽ ഉല്പന്നങ്ങളുടെ വിളവുകാല ങ്ങളിൽ, ചിലപ്പോഠം മുതലാളിയ്ക്കു് പണദുർഭിക്ഷമുണ്ടാകാറുണ്ടു്. അന്യരിൽനിന്നു് പണം കടം വാങ്ങുക അദ്ദേഹത്തിന്നു് തീരെ ഇഷ്ടമല്ല. എന്നാൽ അത്യാവശ്യം നേരിടുന്ന ചില അപൂർവ്വസന്ദർഭങ്ങളിൽ, അതിന്നു് വിധേയനാകുന്നു എന്നേയുള്ളു.

കച്ചവടക്കണ്ണുള്ളവക്കു് ധനലക്ഷ്മിയും സ്വാധീനമായി നിന്നാൽ, അവരുടെ വാണിജ്യപുരോഗതിയെപ്പററി എന്തുപറയുവാനാണു്? ഏതാനുംകൊല്ലത്തെ വ്യാപാരാഭിവൃദ്ധികൊണ്ടു്, ചാക്കോ മുതലാളി ആ നാട്ടിലെ വത്തകപ്രമാണികളിൽ ഒരെണ്ണംപറഞ്ഞ സ്ഥാനത്തെത്തിക്കഴിഞ്ഞു. മുതലാളിയുമായി പണമിടപാടു് നടത്തുന്നതു തന്നെ ഒരഭിമാനമായിട്ടാണു്, ആ ദിക്കുകാർ കരുതി വന്നതു്.

ഇക്കാലത്തത്രെ അമേരിക്കയിലെ ഒരു പ്രസിദ്ധ കമ്പനിക്കാരുമായി അദ്ദേഹം വ്യാപാരത്തിലേപ്പെട്ടതു്. കുരുമുളകും കശുഅണ്ടിയും എത്ര അധികമുണ്ടെങ്കിലും ഒരു നിശ്ചിത കമ്മീഷൻ തന്നു് വാങ്ങിയ്ക്കാമെന്നായിരുന്നു കമ്പനിക്കാരുടെ വ്യവസ്ഥ.

ആയുസ്സിന്നു് വരം ലഭിച്ചാൽ പടയ്ക്കുപോകാൻ മടിയ്ക്കേണ്ട ആവശ്യമില്ലാത്തതുപോലെ, വാങ്ങിയ്ക്കുന്ന ചരക്കെല്ലാം ഗണ്യമായ കമ്മീഷനു് വില്ക്കുവാൻ മാർഗ്ഗമുണ്ടായാൽ ഏതൊരാളുടെ വ്യാപാരം കുതിച്ചുചാടുകയില്ലാ?

---

## മൂന്നു്.

ആ പ്രദേശങ്ങളിലെ ഒരു വലിയ കൺട്രാക്ടരാണു് ചാണ്ടിമേസ്തിരി. ചാണ്ടിയും ചാക്കോയും ബാല്യകാലം മുതൽക്കു തന്നെ കളിച്ചങ്ങാതികളായിരുന്നു. തിരുവിതാംകൂറിൽ ഏതൊ ഓണംകേറാ മൂലയാണു് രണ്ടുപേരുടേയും ജന്മദേശം. ഇരുവരും ഒരു ഗുരുവിൻെറ അടുക്കൽനിന്നു് പഠിച്ചും, ഒരു ദിക്കിൽ കളിച്ചും വളൎന്നുവന്നു. കളിച്ചങ്ങാതികൾ കാലാന്തരത്തിൽ ആത്മമിത്രങ്ങളായിത്തീൎന്നതിൽ അത്ഭുതമില്ലല്ലൊ.

"മേടംതൊട്ടു തുലാത്തോളം"മാത്രം നീണ്ടുനില്ക്കുന്ന ഒരു സൎക്കാർ മേസ്തിരിജോലി ചാണ്ടിയ്ക്കു് എങ്ങിനെയോ കൈവന്നു. വെള്ളത്തിൻെറ സൗകര്യമോൎത്തു് ആ ദിക്കിൽ വഴി നന്നാക്കുന്നതും, മെററൽ വിരിക്കുന്നതും മററും ഈ മാസങ്ങളിലായിരുന്നു. പത്തു ത്രുപ മാസപ്പടിയുള്ള ഈ ഉദ്യോഗം കുറെക്കാലം ആയാൾ അതിനിഷ്കൎഷയോടെ ത്തന്നെ നിൎവ്വഹിച്ചുപോന്നു. അതിന്നുശേഷമത്രെ ചാണ്ടിമേസ്തിരിയെന്ന പേർ അയാൾക്കു് സിദ്ധിച്ചതു്.

മരാമത്തു് വകുപ്പിൽ വെറും ശിപായി മുതൽ, വലിയ എഞ്ചിനിയർസായ്പു്വരെ മിക്കവൎക്കും, ചാണ്ടിയെ വലിയ കാൎയ്യമാണു്. അതിന്നു കാരണങ്ങളുമുണ്ടു്. യജമാനന്മാർ വല്ല കാര്യങ്ങളും ചാണ്ടിയെ ഏല്പിച്ചാൽ എങ്ങിനെയെങ്കിലും അതു നിൎവ്വഹിച്ചേ, അന്നു രാത്രി ആ സ്വാമിഭക്തന്നു് ഉറക്കം വരികയുള്ളു. യജമാനന്മാൎക്കുവേണ്ടി

മരിയ്ക്കാനുംകൂടി ആ വിശ്വസ്തഭൃത്യൻ സന്നദ്ധനായിരുന്നു. അത്രമാത്രം ചുമതലാബോധവും, സത്യസന്ധതയുമുള്ള വനത്രെ ചാണ്ടി.

അഞ്ചു പത്തു കൊല്ലം മേസ്തിരി ജോലി ഭംഗിയായി നിർവ്വഹിച്ചശേഷം, ആ പരിശ്രമശീലൻ തൻെറ ചെറിയ ഉദ്യോഗം രാജിവെച്ച്, ചില ചില്ലറ കരാറുകൾ എടുത്തു് നിവൃത്തിയ്ക്കാൻ തുടങ്ങി. കിണർ കുഴിപ്പിയ്ക്കുക, കുളംവെട്ടിയ്ക്കുക, വഴിമരം മുറിപ്പിയ്ക്കുക മുതലായ നിസ്സാര ജോലികൾ! മരാമത്തുവകുപ്പിലെ ചെറിയവരും വലിയവരുമായ ഉദ്യോഗസ്ഥന്മാരുടെ, ഉള്ളഴിഞ്ഞ സഹായത്താൽ ചാണ്ടിയുടെ കൺട്രാക്ടുകൾ, എണ്ണത്തിലും വണ്ണത്തിലും അനുദിനം അഭിവൃദ്ധിപ്പെട്ടുവന്നു. ഇങ്ങനെ ഏകദേശം ഒരു വ്യാഴവട്ടകാലത്തെ നിരന്തരമായ ഭഗീരഥപ്രയത്നഫലമായി, കടലിൽ പാലം കെട്ടുന്നതിനുപോലും ചാണ്ടിമേസ്തിരി സുശക്തനായിയെന്നേ പറയേണ്ടു. എങ്ങുനിന്നോ ഇഴഞ്ഞുവന്ന ഒരു ചാക്കോയും ചാണ്ടിയും, നിലത്തടിച്ച റബ്ബർകട്ടിപോലെ, പണത്തിലും പദവിയിലും ഉയൎന്നുയൎന്നു വരുന്നതു്കണ്ടു് ജനങ്ങൾ അമ്പരന്നുപോയി.

*    *    *    *    *

മേസ്തിരിയുടെ രണ്ടുമൂന്നു ആൺകുഞ്ഞുങ്ങളെ, അഞ്ചാംപനി വന്നു് അപഹരിച്ചു കൊണ്ടുപോയതിനുശേഷം ഉണ്ടായ ഒരു പൊന്നോമൽ പെൺപൈതലത്രെ കൊച്ചുമേരി. ജ്യോതിഷത്തിൽ കുറച്ചധികം വിശ്വാസമുള്ള മേസ്തിരി, പ്രസിദ്ധ ഗണിതശാസ്ത്രജ്ഞനായ നാണുപ്പണിക്കരെ വരുത്തി തലക്കുറിയെഴുതിച്ച അവസരത്തിൽ,

അദ്ദേഹത്തിൻെറ തുടുത്ത മുഖം അന്ധകാരം നിറഞ്ഞ അന്തരീക്ഷംപോലെ ഇരുണ്ടുപോയി. കാരണം, ജനിച്ച വീടിൻെറ തറക്കല്ലുപോലും പൊളിച്ചുവില്ക്കുവാൻ യോഗമുള്ള ഒരു സന്താനമാണത്രെ ആ കൊച്ചുമകൾ.

പിന്നെ ഒരു കാര്യമാണു് അദ്ദേഹത്തെ തീരെ നിരാശനാക്കാഞ്ഞതു്. അതെന്താണെന്നോ? അവളെ വിവാഹം ചെയ്തുകൊടുക്കുന്ന ഗൃഹം വളരെ ഐശ്വര്യപൂർണ്ണമാകുംപോലും! മാത്രമല്ല, ദൈവാധീനവും ധാരാളമുണ്ടു്.

ചാക്കോമുതലാളിയും ചാണ്ടി മേസ്തിരിയും, ഒരു ദിവസമെങ്കിലും തമ്മിൽ കാണാതിരിയ്ക്കയില്ല. എന്നും സൂര്യൻ അസ്തമിക്കുന്നതിനുമുമ്പു്, മേസ്തിരി അരക്കുപ്പി ബ്രാണ്ടിയോ, വിസ്കിയോ അകത്താക്കി പൂളപ്പൂപോലെ കണ്ണു ചുവപ്പിച്ചു്, മുതലാളിയുടെ വ്യാപാരശാലയിൽ ഹാജരാകും. കാര്യമായി വല്ലതും പറയുകയോ പ്രവർത്തിയ്ക്കുകയോ ചെയ്യേണമെങ്കിൽ, അദ്ദേഹത്തിനു് ചുരുങ്ങിയതു് അരക്കുപ്പി വിദേശമദ്യം അകത്തു ചെന്നേ കഴിയൂ. അല്ലെങ്കിൽ എന്തെന്നില്ലാത്ത ഒരു മൂകതയാണു്. എന്തു ചെയ്യാം. മേസ്തിരി നന്ന ചെറുപ്പംമുതല്ക്കേ അതു പരിചയിച്ചുപോന്നു.

മേസ്തിരിയും മുതലാളിയും തമ്മിൽ, ഈ ഒരു സംഗതിയിൽ മാത്രമെ അഭിപ്രായവ്യത്യാസമുള്ളു. ലഹരി പദാർത്ഥമൊന്നുംതന്നെ ഇതുവരെ ഉപയോഗിയ്ക്കാത്തവനാണു് ചാക്കോ മുതലാളി. പുകയില കൂട്ടി ഒന്നു മുറുക്കുകയൊ, ഒരു സിഗരറ്റു് വലിയ്ക്കുകയോ ചെയ്യാത്ത ഒരു സാത്വികൻ! മദ്യപാനദോഷങ്ങളെ സംബന്ധിച്ചു് മുതലാ

ളി എത്രതന്നെ തൻെറ സ്നേഹിതനോട്ട് വ്യാഖ്യാനിച്ചു പറഞ്ഞാലും, "അതെല്ലാം പരിചയിയ്ക്കാത്തതുകൊണ്ട് തോന്നുന്നതാണു്" എന്നു് പറഞ്ഞു് തള്ളുകയത്രെ മേസ്തിരിയുടെ പതിവു്.

അതെങ്ങിനെയെങ്കിലുമാകട്ടെ. അവരിരുവരും ഉയിരൊന്നു് ഉടൽ രണ്ടു് എന്ന മട്ടിലുള്ള ഉററമിത്രങ്ങളായിത്തീൻ. ഒരു വലിയ സംഖ്യ മേസ്തിരി മുതലാളിയ്ക്കു് കടം കൊടുത്തിട്ടുണ്ടു്. അതിന്നു് മിതമായ പലിശ മിനിട്ടുതെററിക്കാതെ അദ്ദേഹം കൊടുത്തു വരുന്നുമുണ്ടു്.

## നാല്.

ആ ആത്മമിത്രങ്ങളുടെ അന്നത്തെ സംഭാഷണം പതിവിലും വളരെ അധികസമയം നീണ്ടുനിന്നു. ഏഴര മണിയ്ക്കു് കണിശമായി മടങ്ങിപ്പോകാറുള്ള മേസ്തിരി, പത്തുമണി കഴിഞ്ഞിട്ടും യാത്രയാകുന്ന മട്ടൊന്നുമില്ല. മുതലാളിയും ആ സംഭാഷണത്തിൽ എന്തെന്നില്ലാതെ മുഴുകിയിരിയ്ക്കുകയാണു്.

ഇവരുടേയും കുടുംബസംബന്ധമായ ചില പ്രത്യേക കാര്യങ്ങളായിരുന്നു സംസാരവിഷയം. ഒടുവിൽ ചാക്കോ മുതലാളി പുഞ്ചിരിതൂകിക്കൊണ്ടു് പറഞ്ഞു:–

"ചാണ്ടി കേട്ടോ, നമ്മുടെ മാത്തൻകുഞ്ഞു് സ്കൂൾ ഫൈനൽ ഒന്നാംക്ലാസ്സിൽ പാസായി. ഇനി അവനെ ഉപരിപഠനത്തിന്നയ്ക്കണോ, അതോ ഇവിടംകൊണ്ടു് നിർത്തണോ, എന്താ അഭിപ്രായം? മനസ്സിൽ തോന്നുന്ന തങ്ങു് തുറന്നു പറഞ്ഞേയ്ക്കണം."

"ഹായ്, ഒന്നാംക്ലാസ്സ് കിട്ടി വിജയിച്ച കുഞ്ഞിന്റെ പഠിപ്പു് നിറുത്തുക! അതും പണത്തിന്റെ ഒരു കുറവുകൊണ്ടു്!! അല്ലേ? കഷ്ടം!!! ലോകർ എന്തുപറയും? ഇങ്ങനെ ചോദിയ്ക്കാൻ തോന്നിയല്ലോ?

"പഠിപ്പിയ്ക്കാൻ പണമില്ലാഞ്ഞിട്ടോ പഠിയ്ക്കാൻ ബുദ്ധിയില്ലാഞ്ഞിട്ടോ അല്ല; എനിയ്ക്കൊരു സഹായമായല്ലോ എന്നുമാത്രം കരുതി.

"ചുരുക്കത്തിൽ അവൻ ബി. എ. വരെയെങ്കിലും പഠിയ്ക്കട്ടെ. എന്നിട്ടാവാം പഠിപ്പ് നിത്തൽ. എൻെറ മകളെ ഇംഗ്ലണ്ടിലേയ്ക്ക് പറഞ്ഞയച്ച് പഠിപ്പിക്കണമെന്നാ എൻെറ ആഗ്രഹം. പക്ഷെ അവഠം അത്ര സമത്ഥയൊന്നുമല്ല.

"എന്തു സമത്ഥയല്ലെന്നാ പറഞ്ഞതു്? ഇതുവരെ വല്ല ക്ലാസ്സിലും അവഠം തോററിട്ടുണ്ടോ?

തോററില്ലെങ്കിലും അധികം ഉയൎന്ന മാൎക്കൊന്നും കിട്ടാറില്ല. കഷ്ടിപിഷ്ടിയായങ്ങ് ജയിയ്ക്കുമെന്നു് മാത്രം. അതും മാത്തൻകുഞ്ഞിൻെറ സഹായംകൊണ്ടു്.

"കൊച്ചുമേരി ഇപ്പോഠം ഏതിലാ വായിയ്ക്കുന്നതു്?

"എട്ടിലേയ്ക്കു് ജയിച്ചു. ഇനി മാത്തൻകുഞ്ഞു് മദിരാശിയ്ക്കോ മററോ പോയാൽ അവളുടെ പഠിപ്പ് ഇതിലും മോശമാകും.

"ഉം, അതെന്താ?"

"അതറിയില്ലേ? നിത്യവും പാഠശാലയിലേയ്ക്കു് പോകുമ്പോഠം, കുഞ്ഞു് വീട്ടിൽവന്നു്, അവഠംക്കു വല്ല സംശയവുമുണ്ടെങ്കിൽ പറഞ്ഞു മനസ്സിലാക്കികൊടുത്തു്, ഒരുമിച്ചല്ലെ പോകാറു്. അവർ തമ്മിൽ എന്തു സ്നേഹമാണെന്നോ?

"ഞാനതത്ര മനസ്സിലാക്കീട്ടില്ല. പിതാക്കന്മാർ തമ്മിലുള്ള സ്നേഹം സൽസന്താനങ്ങളിലേയ്ക്കു് പകരുന്നതു് അസാധാരണമല്ല. അവഠംക്കെത്ര വയസ്സായി?"

"കഴിഞ്ഞ കൎക്കടകത്തിലാ പന്ത്രണ്ടു് തികഞ്ഞതു്. മാത്തൻകുഞ്ഞിന്നു് ഇപ്പോഠം പതിനാറു് കഴിഞ്ഞുകാണും അല്ലെ?"

"അതേ, കഴിഞ്ഞ കന്നിയിലേയ്ക്കു്".

അതിന്നുശേഷം രണ്ടുപേരും ഒന്നും സംസാരിയ്ക്കാതെ പരസ്സരം നോക്കിക്കൊണ്ടു് കുറെ നേരം ഇരുന്ന ഇരുപ്പിൽ ഇരുന്നുപോയി. രണ്ടുപേരുടേയും ഹൃദയം ഒരേ ചിന്തകൊണ്ടു് തിളച്ചുമറയുകയാണു്. ഒടുവിൽ ശ്രദ്ധ ശക്തിക്കാരനായ ചാക്കോമുതലാളിതന്നെ മൗനം ഭഞ്ജിച്ചു.

"പ്രിയപ്പെട്ട ചാണ്ടീ, ഞാനൊരു കാര്യം ആലോചിച്ചങ്ങനെ ഇരുന്നുപോയതാ."

"അതേയതേ, ഞാനും അതുതന്നെ."

"ഉം അതെന്താ?"

"പറയാം. നീ ആലോചിച്ചതു് ആദ്യം പറയണം"

"മാത്തൻകുഞ്ഞിനെകൊണ്ടു് കൊച്ചുമേരിയെ വിവാഹംകഴിപ്പിച്ചാൽ എന്താ, എന്നൊന്നു് ആലോചിക്യേ."

"ഹാ! ഹാ!! ഹാ!!! അതുതന്നെയാ ഞാനും ചിന്തിച്ചതു്. അങ്ങനെത്തന്നെ ആവാമല്ലൊ."

ചാണ്ടിമേസ്തിരി ഉച്ചത്തിൽ ചിരിച്ചുകൊണ്ടു് പറഞ്ഞു. മേസ്തിരിയ്ക്കു് മനസ്സിന്നു് വളരെ ആഹ്ലാദം തോന്നുന്ന സന്ദൎഭങ്ങളിൽ പക്ഷികഠം ചിറകിട്ടടിക്കുന്നതു പോലെ കൈരണ്ടും കുടയുന്നതു് സാധാരണമാണു്.

"ശരി അതിന്നൊരു കാര്യമുണ്ടു്."

ചാക്കൊ മുതലാളി തെല്ലൊരസുഖഭാവത്തിൽ മുഖം ചുളിച്ചുപറഞ്ഞു.

"ഓ! സ്ത്രീധനക്കാര്യമായിരിയ്ക്കും അല്ലേ?"

"സ്ത്രീധനം! മണ്ണാങ്കട്ടയാ! എൻെറ ഏകപുത്രന്നു് ഒരു വൈശ്രവണനെപ്പോലെ അത്യാഡംബരമായിക്കഴിയുവാനുള്ള സ്വത്തെല്ലാം എൻെറ പക്കൽത്തന്നെയുണ്ടു്. അതിന്നു് നിൻെറ വകയൊന്നും വേണമെന്നില്ല. നിൻെറ അടുക്കൽനിന്നു് ചിലപ്പോഠം പണം കടം വാങ്ങുന്നതുകൊണ്ടു് തോന്നിയതായിരിയ്ക്കും അല്ലേ?"

ചാണ്ടിമേസ്തിരി കുറച്ചുമുമ്പു് കുടിച്ച വിസ്കിയുടെ വീര്യമെല്ലാം സ്നേഹിതൻെറ ഈ മുള്ളുവാക്കിൽ കാററിൽ കർപ്പൂരക്കട്ടയെന്നപോലെ അലിഞ്ഞുപോയി. അയാഠം സവിനയം പറഞ്ഞു:—

"അയ്യോ! ഞാനതൊന്നും കരുതിപ്പറഞ്ഞതല്ല. ഈ കാലത്തു് വിവാഹകാര്യത്തിൽ സ്ത്രീധനം അതിപ്രധാനമായതിനാൽ പറഞ്ഞു എന്നെയുള്ളു. അല്ലാതെ നിനക്കു് പണമില്ലാഞ്ഞിട്ടൊ, എനിയ്ക്കു് പണം തരാനുള്ളതുകൊണ്ടോ പ്രസ്താവിച്ചതല്ല.

മുതലാളി പൂർവ്വാധികം സൗഹാർദ്ദമായി തുടൎന്നുപറഞ്ഞു:—

"എൻെറ പ്രിയപ്പെട്ട ചാണ്ടി, അതൊന്നും സാരമില്ല. ഇപ്പോഴത്തെ എൻെറ ബിസിനസ്സിനെപ്പററി നിനക്കു് വല്ലതും അറിയാമോ?

"എനിയ്ക്കതത്ര നിശ്ചയമില്ല."

"അമേരിയ്ക്കൻ കമ്പനിയുമായുള്ള ബന്ധം ഞാൻ വിടത്തുവാൻ പോകയാണു്.

"ഉം. എന്തെ അങ്ങിനെ തോന്നാൻ? നല്ല ആദായകരമായ ഒരേപ്പാടാണല്ലോ."

"വ്യാപാരത്തെപ്പററി നിനക്കു് അത്രമാത്രമെ അറിഞ്ഞുകൂട. പറയാം. അതാതു് വിളവുകാലങ്ങളിൽ, ചരക്കവാങ്ങി സംഭരിച്ചു്, തക്കംപോലെ വില്ക്കുകയാണെങ്കിൽ, കമ്മീഷനിലും പെരുത്തു് ആദായകരമായിരിയ്ക്കും. ഇതുവരെ ഞാനതിന്നു് തുനിയാഞ്ഞതു് പണത്തിൻെറ ദുർഭിക്ഷം മൂലമായിരുന്നു. എന്നാൽ ദൈവസഹായംകൊണ്ടു് ഇപ്പോൾ ഞാൻ ഒന്നു തുമ്മുകയോ ചുമയ്ക്കുകയോ ചെയ്താൽക്കൂടി പണം തരാൻ ആളുകൾ ബദ്ധപ്പെടുകയാണു്. അതുകൊണ്ടു് അമേരിക്കൻ കമ്പനിക്കരാറിൽ നിന്നു് ഉടനെ ഒഴിഞ്ഞുമാറും.

എൻെറ ഗുദാമുകളിൽ അമ്പതുലക്ഷത്തിലധികം രൂപയ്ക്കുള്ള ചരക്കുകൾ ഇപ്പോൾത്തന്നെയുണ്ടു്. അതിൽ നാലോ അഞ്ചോ നിന്നെപ്പോലെയുള്ള ചിലക്കു് കൊടുത്തുതീക്കവാനും കാണും. ഉള്ളതു് പറയാമല്ലോ; അതിൽ ഒന്നാമത്തെ പുള്ളിയാണു് എൻെറ ചാണ്ടി"

"എന്തിനാ എൻെറ പൊന്നു ചങ്ങാതി, ഈ വക കണക്കുകളെല്ലാം എന്നോടിപ്പോൾ എടുത്തുപറയുന്നതു്? ഞാനതു വല്ലതും ചോദിച്ചോ? വിവാഹത്തെ സംബന്ധിച്ചു് ഒരു കാര്യമുണ്ടെന്നു് നീ പറഞ്ഞപ്പോൾ, സ്ത്രീധനക്കാര്യമായിരിയ്ക്കുമെന്നു് ഞാൻ ഊഹിച്ചതല്ലേ? വേണ്ട; മററെന്തുകാര്യമാണു് വേഗം പറയൂ."

"ശരി ഞാൻ പറയാം. അതു് തനിക്കു് കുറെ വിഷമമുള്ളതായിരിയ്ക്കും."

"ഉം, വിഷമമുള്ളതോ, വിഷമുള്ളതോ എന്തൊ ആയിക്കൊള്ളട്ടെ. ഒന്നു് വേഗം പറയൂ."

"മററൊന്നുമല്ല. നീ മദ്യപാനം നിൎത്തണം. ഒരു മുഴുക്കുടിയൻെറ മകളെ എൻെറ മകനു് ഭാൎയ്യയായെടുക്കുവാൻ എനിയ്ക്കു തീരെ ഇഷ്ടമില്ല."

ചാണ്ടി മേസ്തിരിയ്ക്കു് ചാക്കോ മുതലാളിയുടെ ഈ വാക്കു്, ഓക്ക്പ്പുറത്തു് കിട്ടിയ ഒരടിയായി തോന്നി. മദ്യപാനം മൂലം താനിത്ര അധികം അധഃപതിച്ചുപോയല്ലൊ എന്നു് അപ്പോഴാണു് അദ്ദേഹത്തിന്നു് ആദ്യമായി ബോധപ്പെട്ടതു്. മേസ്തിരി നിസ്സഹായനായി തൻെറ ഉററസ്നേഹിതൻെറ മുഖത്തേയ്ക്കു് ഇമവെട്ടാതെ നോക്കിക്കൊണ്ടു് പറഞ്ഞു:—

"അത്രയും വേണോ?"

"അതെ, അതുതന്നെ വേണം. അതു് ഇന്നും നാളെയും മററും വേണ്ട; അത്ര പെട്ടെന്നു് നിൎത്തണമെന്നു് ഞാൻ സിദ്ധാന്തിക്കുന്നുമില്ല. പെട്ടെന്നാകുന്നതു് വല്ല രോഗങ്ങൾക്കും കാരണമായേയ്ക്കും. ക്രമത്തിൽ ചുരുക്കിക്കൊണ്ടുവരണം. എൻെറ സ്നേഹിതൻ തീരെ മദ്യം സേവിക്കുന്നില്ലെന്നു് എനിയ്ക്കു് ബോദ്ധ്യമായാൽ, അന്നുതന്നെ കല്യാണവും നടത്താം. കുഞ്ഞുങ്ങൾ് പ്രായംകൊണ്ടും മനസ്സുകൊണ്ടും നല്ല പൊരുത്തമുണ്ടെന്നു് ഞാനും മനസ്സിലാക്കീട്ടുണ്ടു്. ആദ്യം പറഞ്ഞില്ലെന്നേയുള്ളു."

"വിവാഹാനന്തരം ഞാൻ വീണ്ടും മദ്യം സേവിച്ചു തുടങ്ങിയാലോ?"

"നമ്മൾ തമ്മിലുള്ള ഈ ദീൎഘകാലത്തെ പരിചയംകൊണ്ടു് ഒരു വാക്കു് ഒരിയ്ക്കൽ നീ പറഞ്ഞാൽ, മുഷിഞ്ഞവസ്ത്രം മാററുന്നതുപോലെ, അതു മാററിക്കളെയുമെന്ന ഭയം എനിയ്ക്കു് തീരെയില്ല. അഥവാ, ആമക്കഴുത്തുപോലെ നിൻെറ വാക്കുകൾ ഉൾവലിഞ്ഞുപോകയാണെങ്കിൽ നിൻെറ മകളെ നിനക്കു് കാണേണ്ടെന്നും വെയ്ക്കാമല്ലൊ."

"ചാക്കോച്ചാ, ഞാൻ സമ്മതിച്ചു. മദ്യപാനം ഞാൻ ക്രമേണ നിൎത്തിക്കൊള്ളാം. എൻെറ മകൾ കൊച്ചുമേരിയെ നിൻെറ മകൻ മാത്തൻകുഞ്ഞിന്നു് ഞാൻ പരിപൂൎണ്ണ സമ്മതത്തോടെ ഇതാ തന്നുകഴിഞ്ഞു. കയ്യടിയ്ക്കു്.

ഇരുവരും ദൈവമാതാവിൻെറ നാമധേയത്തിൽ നിറഞ്ഞ കണ്ണുകളോടും, തുടിയ്ക്കുന്ന ഹൃദയത്തോടും കൂടെ മക്കളുടെ വിവാഹകാൎയ്യം പ്രതിജ്ഞ ചെയ്തു.

---

4953
KOTTAYAM PUBLIC LIBRARY
79792
KOTTAYAM

## അഞ്ച്.

രണ്ടു നാലു് സംവത്സരങ്ങഠം രാമബാണംപോലെ പാഞ്ഞുപോയി. ആ ഭയങ്കര മഹായുദ്ധം ലോകത്തെ ഒട്ടാകെ ഒന്നു പിടിച്ചുകുലുക്കി. അതിൻെറ കെടുതികഠം ചില്ലറയൊന്നുമല്ലായിരുന്നു. പട്ടിണിച്ചീട്ടു് നാടെങ്ങും പരന്നു. അരി ഔൺസുവെച്ചു് അളക്കുകയായി. ഉടുതുണിയ്ക്കുപോലും പാവങ്ങഠം വിഷമിയ്ക്കേണ്ടിവന്നു. 'കരിഞ്ചന്ത' എന്ന ഒരു പുതിയ മാർക്കററു് എവിടേയും ഉൽഘാടനം ചെയ്യപ്പെട്ടു. എന്തിനധികം! വെള്ളത്തിന്നുംകൂടി റേഷൻ വന്നു എന്നു് പറഞ്ഞാൽ മതിയല്ലൊ. അഞ്ചിരട്ടി വില കൂടാത്ത പദാൎത്ഥങ്ങഠം ഒന്നുംതന്നെ ഇല്ല- പാവങ്ങളെ മുഴുപ്പട്ടിണിയും, ഇടത്തരക്കാരെ മുറിപ്പട്ടിണിയും, കടന്നാക്രമിയ്ക്കാൻ തുടങ്ങി.

എന്നാൽ ഒരു സാധനം മാത്രം അതിൻെറ അത്യുന്നതമായ വിലയിൽ നിന്നു് പെട്ടെന്നു് ഇടിഞ്ഞുതാണു. ചാക്കൊ മുതലാളിയുടെ വ്യാപാരവിഭവങ്ങളിൽ പ്രാധാന്യമൎഹിക്കുന്ന കശുഅണ്ടി! അതിന്നു അഞ്ചിലൊന്നു വിലയായിപോലും! ഇതര ഭക്ഷ്യപദാൎത്ഥങ്ങഠംക്കെല്ലാം തീപ്പിടിച്ച വിലയുള്ളപ്പോഠം വിററമിൻ ഒട്ടുമുക്കാലും തുളുമ്പിനില്ക്കുന്ന അണ്ടിപ്പരിപ്പിന്നു്, വില തുലോം കുറഞ്ഞുപോകുമെന്നു്, ഏതു ദീൎഘദശിയ്ക്കാണു് പ്രവചിയ്ക്കുവാൻ കഴിയുക? ഒരു കൊല്ലത്തിലധികം വച്ചിരിക്കുവാൻ കൊ

ള്ളാത്ത, ആ ഉൽപ്പന്നത്തിന്നു് അന്തംവിട്ടു് വിലയിടിഞ്ഞു.

*     *     *     *     *

അന്നത്തെ പുലരിയിൽ, നിദ്രയുടെ വിരിമാറിൽ കിടന്നു മയങ്ങുന്ന കൊച്ചിപ്പട്ടണത്തെ കാക്കകഠം വിളിച്ചുണൎത്തിക്കൊണ്ടു് വിഷാദപൂൎവ്വം പറഞ്ഞതു് "ചാക്കൊമുതലാളി പൊളിഞ്ഞു" എന്ന ദാരുണ വാൎത്തയാണു്.

അവിചാരിതമായ ഈ ദുഃഖവൎത്തമാനം കേട്ടു് ചാണ്ടിമേസ്തിരി ഒന്നു നടുങ്ങിപ്പോയി. മുതലാളിയുടെ ചുററുപാടുകളെപ്പററിയെല്ലാം അദ്ദേഹത്തിന്നു് നല്ലവണ്ണം അറിയാം. ഗുദാമുകളിൽ കെട്ടിക്കിടക്കുന്ന കശുഅണ്ടിയുടെ കാര്യവും നല്ല നിശ്ചയമുണ്ടു്. മേസ്തിരിയുടെ മനസ്സിന്നു് വളരെ വിഷമം തോന്നി. കേട്ട വൎത്തമാനം അക്ഷരം പ്രതി പരമാൎത്ഥമായിരിയ്ക്കുമെന്നു്തന്നെ അദ്ദേഹം നിശ്ചയിച്ചുകഴിഞ്ഞു. അമ്പതിനായിരത്തോളംരൂപ മേസ്തിരിക്കും കിട്ടുവാനുണ്ടു്. അതു് അദ്ദേഹത്തിന്നു് വെറും പുല്ലാണു്. അതിൻെറ നാലിരട്ടി നഷ്ടപ്പെട്ടാലും ഒരു കോട്ടവും കൂടാതെ കാലക്ഷേപം ചെയ്യുവാനുള്ള സാഹചര്യങ്ങഠം മേസ്തിരിക്കുണ്ടു്.

അതല്ല അദ്ദേഹത്തിൻെറ ചിന്താവിഷയം. "തൻെറ പ്രാണസ്നേഹിതൻ കഷ്ടത്തിലാകുമല്ലൊ! മകളെ ഇനി എങ്ങിനെ അങ്ങോട്ടു് വിവാഹം ചെയ്തുകൊടുക്കും? എങ്ങിനെ കൊടുക്കാതിരിയ്ക്കും? വി. ദൈവമാതാവിൻെറ തിരുസന്നിധിയിൽവെച്ചു് സത്യംചെയ്ത കാര്യമല്ലെ?" ഇപ്രകാരമുള്ള തപ്തചിന്തകഠം അദ്ദേഹത്തിൻെറ ഹൃദയത്തെ ഉരുക്കിക്കളഞ്ഞു.

## ഇരുപത്തിയാറു്

ഒരു നിമിഷംപോലും അവിടെ നില്ക്കുന്നതിന്നു് ആ ആത്മസുഹൃത്തിന്നു് സാധിച്ചില്ല. 'ബെഡ്ഡ് കോഫി' പോലും കഴിയ്ക്കാതെ അദ്ദേഹം കാറെടുത്തു് അതിശീഘ്രം മുതലാളിയുടെ ബങ്കളാവിൽ എത്തി. അവിടത്തെ ബഹളമൊന്നും പറകവയ്യ. ഒരമ്പതുപേർ മുററത്തു കൂടീട്ടുണ്ടു്. ചില ബേങ്കുകാർ, ഹുണ്ടികവ്യാപാരികൾ, വക്കീലന്മാർ, പൌരപ്രമാണികൾ.

മുതലാളി ഒരു ഭ്രാന്തനെപ്പോലെ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നുഴലുകയാണു്. അസ്ഥാനങ്ങളിലേയ്ക്കു് തുറിച്ചുനോക്കുന്നുമുണ്ടു്. ചാണ്ടി മേസ്തിരിയെ കണ്ട ഉടനെ ആ നിരാശൻ പൊട്ടിക്കരഞ്ഞുപോയി. മുതലാളിയുടെ കണ്ണുകളിൽനിന്നു കണ്ണുനീർ അരുവിപോലെ പാഞ്ഞൊഴുകി. അതു് കണ്ടുനില്ക്കാനുള്ള മനക്കരുത്തു് അപ്പോൾ മേസ്തിരിയ്ക്കുണ്ടായിരുന്നില്ല. അദ്ദേഹം ക്ഷണം പുറത്തേയ്ക്കു് കടന്നു.

കടം കൊടുത്തവരുടെ ധിക്കാരപൂൎവ്വമായ കക്കശ ശബ്ദകോലാഹലങ്ങളാൽ ആ ഭവനാന്തരീക്ഷം മുഖരിതമായിരുന്നു. കുറച്ചു് ധൈര്യമവലംബിച്ചു് ചാണ്ടിമേസ്തിരി അവിടെക്കൂടിയിരുന്നവരോടു് ഇപ്രകാരം ഉപദേശിച്ചു:—

"മാന്യ സുഹൃത്തുക്കളെ, ചാക്കോ മുതലാളി കൊടുത്തു തീക്കാനുള്ള സംഖ്യയെല്ലാം മതിയായ സ്വത്തു്, അദ്ദേഹത്തിൻെറ വകയായിത്തന്നെയുണ്ടു്. നോക്കെത്താത്ത തെങ്ങിൻ തോപ്പുകൾ, കനകം വിളയുന്ന വയലുകൾ റബ്ബർ എസ്റ്റേററുകൾ, കെട്ടിടങ്ങൾ, ഗുദാമുകളിൽ കെട്ടിക്കിടക്കുന്ന ചരക്കുകൾ, പിരിഞ്ഞുകിട്ടാനുള്ള സംഖ്യകൾ,

മുതലായവയും മററും കണക്കാക്കിനോക്കിയാൽ ആക്കും ആശങ്കയ്ക്കവകാശമില്ല. നിങ്ങളെല്ലാം ഈ വിധത്തിൽ അക്ഷമരായി ബഹളം കൂട്ടുകയാണെങ്കിൽ സംഗതികളെല്ലാം അവതാളത്തിലാകാം. നിങ്ങളേക്കാൾ ഒട്ടും കുറയാത്ത ഒരു സംഖ്യ എനിയ്ക്കും കിട്ടുവാനുണ്ടു്."

കൊടുത്ത സംഖ്യയ്ക്കു് പിടിപ്പതു് ഈടു് നിങ്ങൾക്കു് കിട്ടീട്ടുണ്ടല്ലോ? അങ്ങോരുടെ വാക്കിൻെറ ഒരു ബലം മാത്രം കണ്ടിട്ടാണു് ഞാൻ അയ്യായിരം കൊടുത്തതു്"

ആ ആൾക്കൂട്ടത്തിൽനിന്നു് ഒരാൾ അത്യുച്ചത്തിൽ അട്ടഹസിച്ചു.

"താങ്കൾക്കു് മുതലാളി ഈടു് തന്നിട്ടില്ലെങ്കിലും, അദ്ദേഹത്തിൻെറ കണക്കിൽ ആ സംഖ്യ വരവു് ചേക്കാതിരിയ്ക്കയില്ല തീച്ച. ചാക്കോ മുതലാളി മര്യാദയുടെ ഒരു പര്യായമാണെന്നു് നമുക്കു് തികച്ചും വിശ്വസിയ്ക്കാം. അവിചാരിതമായി സംഭവിച്ച അണ്ടിപ്പരിപ്പിൻെറ വിലക്കുറവു് മൂലം മുതലാളിയ്ക്കു് എന്തോ ഒരു ബുദ്ധിഭ്രമം ബാധിച്ചു എന്നേയുള്ളു. ഇപ്പോൾ നിങ്ങളെല്ലാവരും ഇവിടെനിന്നു് ദയവുചെയ്തു ഒഴിഞ്ഞുപോകുന്നതു് അദ്ദേഹത്തിൻെറ ആയുസ്സിനെക്കൂടി ദീഘിപ്പിക്കും, അല്ലെങ്കിൽ പക്ഷെ....

മേസ്തിരി പറഞ്ഞതു് അക്ഷരംപ്രതി കാര്യമാണെന്നു് പലക്കുംതോന്നി. അവരിൽ ചിലർ ശാന്തരായി അവിടെനിന്നു് പിരിഞ്ഞുപോയി. അതു് കണ്ടു് ബാക്കിയുള്ളവരും അവരെ അനുഗമിച്ചു.

## ഇരുപത്തെട്ടു്

അനന്തരം മേസ്തിരി മുതലാളിയുടെ മുറിയിലേയ്ക്കു് വീണ്ടും കടന്നുചെന്നു. അദ്ദേഹത്തിൻെറ ചില ബന്ധുക്കളും ആശ്രിതന്മാരും അവിടെ പരിഭ്രമിച്ചു നില്പുണ്ടു്.

"ചാക്കോച്ചാ, എന്താ നിനക്കിപ്പോൾ ഉള്ളതു്? ഞങ്ങളെയൊക്കെ ഇങ്ങനെ പരിഭ്രമിപ്പിച്ചാലൊ?"

മേസ്തിരി സാവധാനം പറഞ്ഞു:—

അയ്യോ! എൻെറ ചാണ്ടിപ്പിള്ളേ, എനിയ്ക്കു് തീരെ സുഖോല്ലല്ലൊ! കുഞ്ഞു് വന്നോ? അവന്നു് കമ്പി കിട്ടിയില്ലെന്നു് വരുമോ? എനിയ്ക്കു് ഇന്നലെ തുടങ്ങി ഒരു വല്ലാത്ത സുഖല്ലായ. സുഖക്കേടു് എന്തെന്നു് വ്യക്തമായി പറയാനും വയ്യ. നെഞ്ചുവേദനയൊ, തലപുകച്ചിലോ എന്തൊ! എനിയ്ക്കെൻെറ കുഞ്ഞിനെക്കണ്ടു്, രണ്ടു്വാക്കു് പറഞ്ഞു് മരിയ്ക്കാൻ സാധിയ്ക്കില്ലെന്നുണ്ടോ? തമ്പുരാനെ! ഈശോയെ!"

മുതലാളി ഇത്രയും പറഞ്ഞുതീർത്തതു് വളരെ വിഷമിച്ചായിരുന്നു. ഇടയ്ക്കിടെ മോഹാലസ്യവും അദ്ദേഹത്തെ ബാധിയ്ക്കുന്നുണ്ടു് 'ഫാമിലി ഡോക്ടർ' വന്നു് പരിശോധിയ്ക്കുന്നുണ്ടെങ്കിലും രോഗത്തെപ്പററി ഒരു നല്ല അഭിപ്രായമല്ല അദ്ദേഹത്തിന്നുള്ളതു്. മററൊരു ഡോക്ടരെ വരുത്തി ചികിത്സിപ്പിയ്ക്കുന്നതിന്നു് മുതലാളിയ്ക്കു് തീരെ ഇഷ്ടവുമില്ല.

"ചാക്കൊച്ചാ, നീ വല്ലാതെ വിഷമിയ്ക്കുന്നതായി ഞങ്ങൾക്കു് തോന്നുന്നുണ്ടല്ലൊ? ഡോക്ടർ ദാസിനെ ഒന്നു വരുത്തട്ടെ? അദ്ദേഹം ബഹു സമർത്ഥനുമാണു്." ചാണ്ടി മേസ്തിരി ഒന്നുകൂടി നിശ്ശ്വസിച്ചു.

"ദാസും ബോസുമൊന്നും വേണ്ട, എൻെറ ചാണ്ടിപ്പിള്ളേ; ഇതു് മരണവേദനയാണു്, മാറാത്ത മരണവേദന! ഇതു് ആരെക്കൊണ്ടും അത്ര പെട്ടെന്നു് പറിച്ചെടുക്കാൻ പററുന്നതല്ല. അതു് ഞാൻ തന്നെ അനുഭവിക്കണം"

"നിൻെറ കടബാദ്ധ്യതകളെ സംബന്ധിച്ചാണു് ഈ വിഷമമെങ്കിൽ അതിനെല്ലാം ഞാൻ പ്രതിവിധി കണ്ടുകഴിഞ്ഞു. നീ ഒന്നു് സുഖമായിക്കിടന്നാട്ടെ."

മേസ്തിരി തൻെറ ഉററമിത്രത്തെ സമാധാനപ്പെടുത്തി. പക്ഷെ എന്തു് ഫലം! അദ്ദേഹം വീണ്ടും വിലപിച്ചുതുടങ്ങി:—

"അയ്യോ! എൻെറ പൊന്നുമകൻ വന്നില്ലല്ലോ! അവനെ ഒന്നു് കണ്ടു്, എൻെറ തലയിലെ ഈ വല്ലാത്ത ഭാരങ്ങൾ ഒന്നു് പറഞ്ഞേല്പിച്ചു്, എൻെറ കണ്ണടയുവാൻ സാധിക്കില്ലെന്നുണ്ടോ ദൈവമെ?"

## ആറ്.

മാത്തൻ കുഞ്ഞു് ഉടനെ വരാനായി വീട്ടിൽ നിന്നു് അടിച്ച കമ്പിയാണു്, പ്രിൻസിപ്പൽ അയാളെ കാണിയ്ക്കാൻ ശങ്കിച്ചു വച്ചിരുന്നതു് എന്നു്, പ്രത്യേകം എടുത്തു് പറയേണ്ടതില്ലല്ലോ. പരീക്ഷ കഴിഞ്ഞ ഉടനെ അദ്ദേഹം മാത്തനെ വരുത്തി കമ്പി കാണിച്ചുകൊടുത്തു.

പ്രകൃത്യാ തന്നെ മൃദുലമനസ്കനായ ആ യുവാവു്, ഈ അവിചാരിത സംഭവത്തിൽ വല്ലാതെ പരിഭ്രമിച്ചു. വിഷാദവിവശനും ഉൽക്കണ്ഠാകുലനുമായി. മാത്തൻ ഒരു വിധം തീവണ്ടി സ്റ്റേഷൻെറ ഒരു വിളിപ്പാടു് അടുത്തെത്തിയപ്പോഠം, അയാളെ തെല്ലു് ധൃതഗതിയിൽ വിളിയ്ക്കുന്നതുപോലെ തീവണ്ടി ഒന്നു രണ്ടു് ചൂളം മുഴക്കി. ടിക്കററു്പോലും വാങ്ങാൻ സമയം കിട്ടാതെ, മാത്തൻ ഒരു വിധം വണ്ടിയിൽ കയറിപ്പററിയതും വണ്ടി നീങ്ങിയതും ഒപ്പം കഴിഞ്ഞു.

* * * * *

“മാത്തൻ കുഞ്ഞു് വന്നു” എന്ന സന്തോഷശബ്ദം കേട്ടു് ചാക്കോമുതലാളി കണ്ണു് തുറന്നു് നാലുപാടും ഒന്നു പകച്ചുനോക്കി. ഭവന ഭിത്തികളെപ്പോലും തുളയ്ക്കുവാൻ തക്ക കരുത്തുള്ള ഒരു ഭയങ്കരനോട്ടം! നിറഞ്ഞൊഴുകുന്ന നയനങ്ങളോടുകൂടെ അരികെ നില്ക്കുന്ന മകൻെറ അതിദയനീയമായ മുഖം, ആ വത്സലപിതാവിനെ പൂർവ്വാധി

കം വ്യാകുലപ്പെടുത്തി. തൊണ്ടയിടറിക്കൊണ്ടു് അദ്ദേഹം മന്ദം മന്ദം പറഞ്ഞു:_

"മകനെ, നിന്നെക്കാണുവാൻ സാധിയ്ക്കില്ലെന്നു് തന്നെ ഞാൻ നിശ്ചയിച്ചു. എങ്കിലും കാണാൻ സംഗതി വന്നല്ലൊ! എൻെറ ഭാഗ്യം! എനിയ്ക്കു് നിന്നോടു് രണ്ടു് പ്രത്യേകകാര്യങ്ങൾ പറയാനുണ്ടു്. അതിൽ ഒന്നു് നിനക്കു് വളരെ അസുഖമുണ്ടാക്കുന്നതാകും. എങ്കിലും എനിയ്ക്കങ്ങനെ പറയാനുള്ള യോഗമാണു് കൈവന്നതു്. എന്തു ചെയ്യാം, തലയിലെഴുത്തു് തലോടിയാൽ മായില്ലല്ലൊ."

ആ വൃദ്ധൻ ഒരു ബാലനെപ്പോലെ തേങ്ങിത്തേങ്ങിക്കരയാൻ തുടങ്ങി. കണ്ണുനീരൊഴുകി ആ പച്ച വില്ലീസു തലയണ ഒട്ടുമുക്കാലും നനഞ്ഞുപോയി.

"ഇതാ ഈ കടലാസ്സൊന്നു് നോക്കു്"

തലയിണക്കീഴിൽ വച്ചിരുന്ന ഒരു കടലാസ്സു് ചുരുൾ, വിറയ്ക്കുന്ന തൻെറ കൈകൊണ്ടു എടുത്തു് അദ്ദേഹം മകനു കൊടുത്തു. അതിനുശേഷം മകൻ അതിൽ കണ്ണോടിയ്ക്കുമ്പോൾ അവൻെറ മുഖത്തുണ്ടാകുന്ന സ്തോഭങ്ങളെ, ഉല്കണ്ഠാകുലനായ ആ പിതാവു് അതിസൂക്ഷ്മതയോടെ പരിശോധിയ്ക്കുന്നുണ്ടായിരുന്നു. മാത്തൻ കുഞ്ഞിന്നു് കാര്യമൊന്നും വേണ്ടപോലെ മനസ്സിലാകുന്നില്ലെന്നു്, മുതലാളി മനസ്സിലാക്കി. ഉടനെ അദ്ദേഹം വികാരവിചാരങ്ങളുടെ സമ്മർദ്ദനങ്ങളാൽ ഗദ്ഗദാക്ഷരത്തിൽ വിട്ടു് വിട്ടു് വീണ്ടും പറഞ്ഞുതുടങ്ങി:_

"പ്രിയമകനെ, യാതൊരു–ഈടോ,–ഉറപ്പൊ–കൊടുക്കാതെ;–എൻെറ വാക്കിനെ മാത്രം–കാതലാക്കിക്കരുതി,–

STRIBUTING LIBRARY

എനിയ്ക്കു പണം-കടം തന്നവരുടെ-പേരും സംഖ്യയും ആണു്-അതിൽ കുറിച്ചിരിയ്ക്കുന്നതു്. ആ മുതലും-പലിശയുമെല്ലാം-അതെ, ഒരു പൈപോലും-ബാക്കി വെയ്ക്കാതെ-നിനക്കുണ്ടാകുന്നകാലത്തു്-എൻെറ പൊന്നു മകൻ-വീട്ടിക്കൊടുക്കണം-ഒന്നും ഇല്ലാത്തതിൽനിന്നു്-എല്ലാം ഉണ്ടാക്കുവാൻ-ശക്തനായ ദൈവം തമ്പുരാൻ-അതിന്നു് നിന്നെ സഹായിക്കട്ടെ-ഇതാണു് എനിയ്ക്കു്-നിന്നോടു് പറയാനുള്ള-അതിപ്രധാനമായ കാൎയ്യം."

കുറച്ചു് നിമിഷങ്ങൾക്കു് അദ്ദേഹത്തിന്നു് ഒരക്ഷരം പോലും പറയുവാൻ സാധിച്ചില്ല. ഒരു വല്ലാത്ത ക്ഷീണം ആ വൃദ്ധനെ ബാധിച്ചു. അദ്ദേഹത്തിൻെറ കണ്ണുകൾ താനെ അടഞ്ഞു. മാത്തൻകുഞ്ഞു് വ്യസനംകൊണ്ടും പരിഭ്രമംകൊണ്ടും ഇതികൎത്തവ്യതാ മൂഢനായി, സ്വപിതാവിൻെറ കട്ടിലിന്നരികെത്തന്നെ നില്ക്കുകയാണു്.

ഭാഗ്യവശാൽ ആ പിതാവു് വീണ്ടും കണ്ണുതുറന്നു്, "മോനേ, മാത്തൻകുഞ്ഞേ".

"എന്താപ്പച്ചാ, ഞാൻ ഇവിടെത്തന്നെയുണ്ടല്ലോ."

"മനഃപൂൎവ്വം ആരേയും തോല്പിയ്ക്കണമെന്നു് എനിയ്ക്കുദ്ദേശമില്ലെന്നു് അറിയാമല്ലോ, കുഞ്ഞേ."

"ഉവ്വു്; എനിയ്ക്കു് നല്ലപോലെ അറിയാം, അപ്പച്ചാ"

"കാലം എൻെറ തലയിൽ അവമാനഭാരം കെട്ടിവെച്ചു മകനെ, എന്തു് ചെയ്യാം. അതുപോട്ടെ....മറെറാരു സംഗതികൂടെ പറയട്ടെ....കുഞ്ഞേ,....എൻെറ പ്രാണസ്നേ

ഹിതനായ ചാണ്ടിയുടെ മകളെ....നിൻെറ ബാല്യകാല സഖിയെത്തന്നെ....നീ വിവാഹം കഴിയ്ക്കണം....അവക്ക് സമ്മതമാണെങ്കിൽ....ഈ രണ്ടു് കാൎയ്യങ്ങളും നിന്നോടു് പറയുവാൻ സാധിക്കുമെന്നു് ഞാൻ തീരെ കരുതിയതല്ല... എൻെറ മനസ്സിലെ ഒരു വലിയ ഭാരം ഇപ്പോഴെ നീങ്ങിയുള്ളു....ഇനി എനിയ്ക്കു് ഈ ലോകത്തോടു് യാത്രപറയുന്നതിന്നു് ഒരു ഭയവുമില്ല....എല്ലാം പറഞ്ഞപോലെ എൻെറ മകൻ ചെയ്യില്ലേ?

"ഉവ്വപ്പച്ചാ, പറഞ്ഞതുപോലെത്തന്നെ പ്രവൎത്തിച്ചുകൊള്ളാം"

"മതി മോനെ....ഞാൻ കൃതാൎത്ഥനായി,"

വാത്സല്യനിധിയായ ആ പിതാവു് തൻെറ തളൎന്ന കരങ്ങൾ അരുമമകൻെറ ശിരസ്സിൽ അല്പനേരം വെച്ചുകൊണ്ടു് എന്തോ മന്ത്രിച്ചു. അധികതാമസമുണ്ടായില്ല; കണ്ണുനീൎത്തടാകങ്ങളായ ആ വിടൎന്ന കണ്ണുകൾ എന്നേയ്ക്കുമായി അടഞ്ഞുപോയി.

* * * * * *

ദിവസങ്ങൾ കുറെ പെരുമ്പാമ്പിനെപ്പോലെ ഇഴഞ്ഞുനീങ്ങി. സ്വപിതാവ്, ഇഹലോകവാസം വെടിയുന്ന ആ ഭയങ്കരഘട്ടത്തിൽ തനിയ്ക്ക് തന്നേൽപ്പിച്ച ആ അന്ത്യശാസനക്കുറിമാനം, മാത്തൻ ഒന്നു് മനസ്സിരുത്തി വായിയ്ക്കുകയാണ്. തൽക്ഷണം ആ യുവാവിൻെറ തല പുകയുവാൻ തുടങ്ങി. കുളത്തിൽനിന്നു് മുങ്ങിക്കയറിയതുപോലെ ദേഹം വിയർത്തൊലിച്ചു.

" 1. ചാണ്ടി മേസ്തിരി ക. 50000
2. ശേഷഗിരി ഷേണായി ക. 35000
3. സേട്ടു് മൂക്കർജി ബാലറാം ക. 29000 "

എന്നിങ്ങിനെ രണ്ടു് മൂന്നു് പുള്ളികളുടെ പേരും സംഖ്യയും വായിയ്ക്കുമ്പോഴെയ്ക്കും കണ്ണുനീരിൻെറ കുതിച്ചുതള്ളൽമൂലം ആ വികലമനസ്കന്നു് കണ്ണുകാണാൻ പാടില്ലാതായി. എങ്കിലും വളരെ പണിപ്പെട്ടു് ആകത്തുക മൂന്നു ലക്ഷമെന്നു് കണ്ടുപിടിയ്ക്കുകയും മോഹാലസ്യപ്പെട്ടു് നിലപതിയ്ക്കുകയും ഒപ്പം കഴിഞ്ഞു. വിശാലമായ പ്രപഞ്ചരംഗത്തിലേയ്ക്ക് ഇറങ്ങുവാൻ പോകുന്ന ആ യുവാവ് ഹിമാലയശൈലം പോലെ വമ്പിച്ച ആ കടസംഖ്യയുടെ മുമ്പിൽ എങ്ങിനെ മോഹാലസ്യപ്പെട്ടു് വീഴാതിരിയ്ക്കും?

എത്ര നേരം ബോധരഹിതനായിക്കിടന്നു എന്നു് അയാൾക്കറിഞ്ഞുകൂടാ. യാദൃച്ഛികമായി ചാണ്ടിമേസ്തിരി

അവിടെ വന്നു് ശീതോപചാരം ചെയ്തു് വിളിച്ചപ്പോഴാണു്, മാത്തൻകുഞ്ഞു് കണ്ണു് തുറന്നെഴുന്നേററതു്. അത്രമാത്രമോ? ആ ഹതഭാഗ്യനായ യുവാവിൻെറ തളർന്ന സിരകളിൽ അദ്ദേഹം നവചൈതന്യം കുത്തിവെച്ചതു് ഇപ്രകാരമാണു്:-

മേസ്തിരി പുഞ്ചിരിതൂകിക്കൊണ്ടു് പറഞ്ഞു:-

"മാത്തൻകുഞ്ഞേ, നീ ഒട്ടും അധൈര്യപ്പെടുകയും, വ്യസനിയ്ക്കുകയും അരുതു്. രേഖാമൂലം കൊടുത്തുതീർക്കാനുള്ള കടബാദ്ധ്യതകൾക്കെല്ലാം, വസ്തുവഹകളും ഗുദാമുകളിലെ ചരക്കുകളും ധാരാളം മതിയാകും. കൂടാതെ നിൻെറ അപ്പച്ചൻ മരിയ്ക്കുമ്പോൾ നിന്നോടുകൊടുത്തു തീർക്കുവാൻ പറഞ്ഞേൽപ്പിച്ച മൂന്നു ലക്ഷം രൂപയുടെ കടത്തിൽ, രണ്ടരലക്ഷവും എൻെറ കൈകൊണ്ടു് വീട്ടിക്കഴിഞ്ഞിട്ടാണു് ഇപ്പോൾ ഞാൻ ഇവിടെ വന്നിരിയ്ക്കുന്നതു്. ബാക്കിയുള്ള അമ്പതിനായിരം എനിയ്ക്കുതന്നെ വരേണ്ടതുമാണല്ലൊ. മേൽപ്പറഞ്ഞ കടത്തെ സംബന്ധിച്ചു് ഇനി ഒരാളും ഈ ബങ്കളാവിൻെറ പടി കയറി വരുമെന്നു് നീ ഒട്ടും ഭയപ്പെടേണ്ടതില്ല.

നിൻെറ അപ്പച്ചൻ അതെ-എൻെറ പ്രാണസ്നേഹിതൻ-ഒരു പാത്രത്തിൽനിന്നു് ഉണ്ടവനും, ഒരു ദിക്കിൽ ഉറങ്ങിയവനുമായ ആ ഉററമിത്രം, മദ്യപാനദുർദ്ദേവതയുടെ വായിൽനിന്നു്, എന്നെ നിശ്ശേഷം വിമുക്തനാക്കിയിരിയ്ക്കുന്നു. അതിൻെറ മംഗളഫലമോ! നീ എൻെറ മകളുടെ-നിൻെറ പഴയ കളിത്തോഴിയുടെ-ഭർത്താവായിത്തീ

രുക എന്നതാണു്. അതായിരുന്നു ഞാനും നിൻെറ അപ്പച്ചനും തമ്മിലുള്ള പ്രതിജ്ഞ."

തൽക്ഷണം മാത്തൻ കുഞ്ഞിന്നു് മേസ്തിരിയുടെ മുമ്പിൽ-ആ ഔദാര്യസമ്പന്നൻെറ മുമ്പിൽ-ഇരിപ്പുറച്ചില്ല. ആയാൾ അദ്ദേഹത്തിൻെറ പാദങ്ങളിൽ കൃതജ്ഞതാവിവശനായി വീണുകൊണ്ടു്, തുടിക്കുന്ന ഹൃദയത്തോടും ഇടറുന്ന ശബ്ദത്തോടും കൂടി ഇപ്രകാരം പറഞ്ഞു:-

"അങ്ങു് ചെയ്തിരിക്കുന്ന ഈ അതിരററ ഔദാര്യത്തിന്നു നന്ദിപറയുവാൻ എനിയ്ക്കു് വാക്കുകൾകിട്ടുന്നില്ല"

"അതു് സാരമില്ല, കുഞ്ഞേ. ഇതെല്ലാം കാലത്തിൻെറ കളിയാണു്. മാളികമുകളേറിയ മന്നൻെറ തോളിൽ മാറാപ്പു തൂക്കുന്നതും, തണ്ടിലേറി ഞെളിഞ്ഞവനെക്കൊണ്ടു് തണ്ടെടുപ്പിയ്ക്കുന്നതും, ഈശ്വരൻെറ ഒരു കളി മാത്രം! ഒട്ടും അധൈര്യപ്പെടരുതു്. ഞാൻ നാളെ വരാം. കൊച്ചുമേരി എന്നെ കാത്തു് ഇപ്പോൾ മുഷിഞ്ഞിരിയ്ക്കും. നീ പോയിക്കുളിച്ചു് ഒന്നു് സുഖമായി കിടന്നുറങ്ങു്."

അത്യുദാരനായ ആ മഹാൻ എന്തെന്നില്ലാത്ത ഒരു കൃതാൎത്ഥതയോടെ വീട്ടിലേയ്ക്കു് മടങ്ങി.

കുളിച്ചു് സുഖമായി കിടന്നുറങ്ങാൻ മേസ്തിരി നിർദ്ദേശിച്ചു്, മടങ്ങിപ്പോയതിൻെറ വിപരീതഫലമാണു്, അന്നു് രാത്രി മാത്തൻകുഞ്ഞിന്നു് അനുഭവപ്പെട്ടതു്. എന്തെല്ലാം ചിന്താശരങ്ങളാണു് ആ യുവഹൃദയത്തെ കുത്തിത്തുളച്ചതെന്നോ? മേസ്തിരിയുടെ അതിരുകവിഞ്ഞ സഹായം അയാളെ അത്ഭുതപരതന്ത്രനാക്കി. മാത്തൻ ചിന്തിയ്ക്കാൻ തുടങ്ങി:-

"അദ്ദേഹം പറഞ്ഞപോലെ ഈടു് കൊടുത്തിരിയ്ക്കുന്ന സ്വത്തുക്കളും കടക്കാരുമായി അങ്ങനെ തീരുകയാണെങ്കിൽ, താമസിയ്ക്കുന്ന ഈ ബങ്കളാവും, വ്യാപാരസ്ഥലവും കൂടി അന്യൻേറതാകുമല്ലോ? ഇനി മേസ്തിരിയുടെ കടം തീക്കാനുള്ള പോംവഴിയെന്തു്? കൊച്ചുമേരിയെ എന്നെക്കൊണ്ടു് വിവാഹം കഴിപ്പിയ്ക്കണമെന്ന സദുദ്ദേശം കൊണ്ടായിരിയ്ക്കാം, കടപുഴകി വീഴുന്ന എൻെറ കുടുംബാഭിമാനത്തെ, സ്വന്തം ചുമൽകൊണ്ടു് അദ്ദേഹം താങ്ങിനിത്തിയതു്. അതിനാൽ നിശ്ചയമായും ആ വലിയ സംഖ്യ-അതെ മൂന്നു ലക്ഷം ബ്രിട്ടീഷ് രൂപ-കൊടുത്തു് തീക്കുകതന്നെവേണം. അദ്ദേഹത്തിൻെറ ഉദ്ദേശശുദ്ധി എത്ര മഹനീയം! അതിന്നു് അപ്പച്ചൻെറ അനുഗ്രഹം ഒന്നുമാത്രമാണു് എൻെറ പക്കലുള്ള മൂലധനം.

അന്തസ്സിൽ കാലം കഴിച്ച ഈ ദിക്കിൽ, കുടിയിരിയ്ക്കുവാൻ പോലും ഇടമില്ലാതെ നിർധനനായി, മേസ്തിരിയു

ടെ കരുണാകടാക്ഷത്തെ ഇനിയും ഉറവുനോക്കിക്കൊണ്ടു്, ജീവിയ്ക്കുവാൻ എനിയ്ക്കു് സാദ്ധ്യമല്ല. ഞാൻ ഇവിടം വിടും. നിശ്ചയമായും! ആ വലിയ സംഖ്യ കൊടുത്തു തീക്കുവാൻ ആവുംവിധം പരിശ്രമിയ്ക്കും, അവസാനശ്വാസംവരെ. എന്നാൽ മാത്രമെ കൊച്ചുമേരിയെ വിവാഹം ചെയ്യുന്നതിന്നു് ഞാൻ അർഹനാകയുള്ളു."

ഹാ! എന്തു് തികഞ്ഞ ആത്മാഭിമാനം! എത്ര ഉറച്ച തീരുമാനം! അയാറം വീണ്ടും ചിന്തിയ്ക്കാൻ തുടങ്ങി:–

"കൊച്ചുമേരി! അവളെന്തൊരു സുരസുന്ദരി! എന്തൊരു സുശീല! ബാല്യംമുതൽക്കുതന്നെ ഞാനവറംക്കു് പ്രാണനാണു്. അപ്പച്ചൻ എൻെറ ഇംഗിതം എങ്ങിനെ മനസ്സിലാക്കി? ലോകത്തിൽ ആരും തന്നെ ഈ പ്രേമരഹസ്യം അറിഞ്ഞിരിയ്ക്കയില്ലെന്നായിരുന്നു എൻെറ ദൃഢമായ വിശ്വാസം.

ഇരുപത്തഞ്ചു കൊല്ലത്തോളം മദ്യപാനത്തിൽ മുങ്ങിക്കുളിച്ച മേസ്തിരി, ഞങ്ങളുടെ വിവാഹത്തിന്നുവേണ്ടി മദ്യം ഉപേക്ഷിച്ചു എന്നല്ലെ പറഞ്ഞതു്? എത്ര ശ്രേഷ്ഠമായ ആത്മത്യാഗം! ഹാ ദൈവമെ! ഇനി ഞാനെന്തു് ചെയ്യണം. അങ്ങെനിയ്ക്കൊരു പോംവഴി കാണിച്ചുതരണേ."

ആ വ്യഥിത ചിത്തൻ മുട്ടുകുത്തി, കൈക്കൂപ്പി അല്പനേരം ധ്യാനനിരതനായി അവിടെ നിലകൊണ്ടു.

"കൊച്ചുമേരിയോടു് ഒരു വാക്കുപോലും പറയാതെ, വിദൂരദേശത്തേയ്ക്കു് പോകയോ? ആ പ്രണയദേവതയെ ഒന്നു കാണാതെ ഇവിടെനിന്നു് വേർപിരികയോ? അവ

ളുടെ പ്രിയപിതാവിനെ ഈ വിധത്തിൽ ഇച്ഛാഭംഗപ്പെടുത്തുകയോ? പാടില്ല; പാടില്ല. അതു് ക്ഷന്തവ്യമല്ലാത്ത ഒരു മഹാപരാധമായിരിയ്ക്കും. അഗാധമായ കുഴിയിൽ ഇറക്കി ഏണി എടുക്കുന്നപോലെ സാഹസമാകും.''

മാത്തൻകുഞ്ഞു് വീണ്ടും ആലോചിക്കാൻ തുടങ്ങി. കൊടുംകാററത്തു് അലയടിച്ചാർത്തിരമ്പുന്ന നിലയില്ലാത്ത നടുക്കടലിലെ ഒരു കൊച്ചു വഞ്ചിക്കാരൻെറ അനുഭവമാണു് ഇപ്പോഠം അയാഠംക്കുള്ളതു്.

എത്രതന്നെ അധമ്മവും അനൗചിത്യവും അന്തർഭവിയ്ക്കുന്നുണ്ടെങ്കിലും, കൊച്ചുമേരിയേയും, പിതാവിനേയും ഈ സന്ദർഭത്തിൽ കാണുന്നതു് ആപൽക്കരമാണെന്നും, തൻെറ ഭാവി പരിപാടികഠംക്കു് അതു് വിഘാതമാകുമെന്നും, ഒടുവിൽ ആ ഭാവിനിരീക്ഷകൻ തീർച്ചപ്പെടുത്തി.

നേരം നടുക്കൊണ്ട പാതിര! വീട്ടിൽ വേലക്കാരെല്ലാം കൂക്കംവലിച്ചു് കിടന്നുറങ്ങുകയാണു്. പാതിരക്കോഴി 'പോക പോക' എന്നു് അയാളോടു് പറയുന്നതുപോലെ ഒന്നു രണ്ടു് പ്രാവശ്യം ഉറക്കെ കൂകി. ഇതു തന്നെ തക്കസമയമെന്നു് മാത്തൻ കരുതി. അത്യാവശ്യം വേണ്ട ഉടുപ്പുകളും മററും ഒരു സ്യൂട്ടുകെയിസിൽ ഒതുക്കിവെച്ചു. ഒടുവിൽ സ്വപിതാവിൻെറ ആ വലിയ പണപ്പെട്ടി ഒന്നു തുറന്നുനോക്കി. അപ്പോഴാണു് ആ ഹതഭാഗ്യന്നു് ദേഹം പൊള്ളുന്നപോലെ തോന്നിയതു്.

കഷ്ടം! ആയിരക്കണക്കിൽ കറൻസി നോട്ടുകളും, പവനും, ഉറുപ്പികയും അടങ്ങിയിരുന്നു് വീപ്പ്മുട്ടിയ ആ ഇരുമ്പു് പെട്ടി, കിളി പറന്ന കൂട്ടുപോലെ കേവലം ശൂന്യമായിരുന്നു. അയാഠം അതിൻെറ കള്ളറകളിലും മററും ഒരു സൂക്ഷ്മപരിശോധന നടത്തി. എന്തു് ഫലം! ഒന്നു രണ്ടു് എടുക്കാത്ത നാണയങ്ങളും നാലഞ്ചു് മുഷിഞ്ഞു കീറിയ ഒററരൂപാ നോട്ടുകളുമാണു് ആ യാത്രോദ്യതൻെറ ദൃഷ്ടിയിൽപ്പെട്ടതു്. നിരാശനായ മാത്തൻ അവയെല്ലാം അവിടെയങ്ങു് ഇട്ടുംവെച്ചു് തൻെറ സ്വന്തം പേഴ്സ്തന്നെ എടുത്തു. അതിൽ കുറച്ചു രൂപായും ചില്ലറയും കാണുമെന്നു അയാഠംക്കറിയാം. അനന്തരം മാത്തൻ നെടുതായൊന്നു് നിശ്വസിച്ചു്, ജനിച്ചുവളൎന്ന തൻെറ വീടിനോടും നാടിനോടും യാത്ര പറഞ്ഞു്, ഒരു സന്ന്യാസിയുടെ വേഷത്തിൽ പെട്ടിയും ററാർച്ചും കൈയിലെടുത്തു് തീവണ്ടിയാപ്പീസ്സിലേയ്ക്കു് നടന്നു.

ചന്ദ്രൻ മാത്രം കാർമേഘപടലങ്ങളിൽ ഒളിച്ചിരുന്നു്, മാത്തൻെറ ഏകാന്തയാത്രയെ സൂക്ഷിച്ചുനോക്കി. ഉദ്യാനത്തിലെ പുഷ്പവല്ലികഠം മഞ്ഞിൻതുള്ളികളാൽ കണ്ണുനീർ പൊഴിച്ചു. എന്തു നിരാശാജനകമായ യാത്ര!

---

## ഒമ്പത്.

രണ്ടു മൂന്നു് നാഴിക നടന്നപ്പോൾ അയാൾ സ്റ്റേഷനിലേയ്ക്കടുക്കാറായി. ആ സമയത്ത്ു് അനവധി വേഗനകൾ കൂട്ടിക്കൊളുത്തി ചങ്ങലപോലെ നീളമേറിയ ഒരു സാമാനവണ്ടി, ഘും, ഘും എന്ന ഹുങ്കാരത്തോടുകൂടി അതിവേഗത്തിൽ പാഞ്ഞുപോകുന്നുണ്ടായിരുന്നു.

മാത്തൻ കുറച്ചുകൂടി നടന്നു് റയിൽപ്പാതയിൽ എത്തി. പെട്ടന്നു് അയാളുടെ മുമ്പോട്ടുവെച്ച കാലുകൾ പിൻവലിഞ്ഞുപോയി. ഹാ! ഹാ! എന്തു ഭയങ്കരം! അപ്പോൾത്തന്നെ പാഞ്ഞുപോയ ആ തീവണ്ടി കയറിയായിരിയ്ക്കണം, ഒരു പുരുഷശരീരം ചോരയിൽ അഭിഷേകം ചെയ്തുകൊണ്ടു് അവിടെ കിടന്നു് പിടയുന്നു! അംഗങ്ങൾ ചതഞ്ഞരഞ്ഞു്, എത്ര പരിശോധിച്ചാലും ആളെ മനസ്സിലാക്കാൻ സാധിയ്ക്കാത്ത വിധത്തിൽ!

ആ ഭയങ്കര കാഴ്ചകണ്ടു് മാത്തൻ അല്പനേരം അവിടെത്തന്നെ സ്തംഭിച്ചു നിന്നുപോയി. അനന്തരം എങ്ങിനെയോ അയാളുടെ ഭയം തീരെ വിട്ടുമാറി. മനുഷ്യരെല്ലാം ഇന്നല്ലെങ്കിൽ നാളെ, വണ്ടി കയറീട്ടല്ലെങ്കിൽ മറെറാരു വിധത്തിൽ, മരിച്ചുപോകേണ്ടവരാണെന്ന മഹാതത്വം മനസ്സിലായിട്ടോ എന്തോ, അതുവരെ പഞ്ഞിപോലെ മൃദുലമായ അയാളുടെ മനസ്സിനെ, ഈ ഭയങ്കര സംഭവം പരുപരുത്ത പാറക്കല്ലുപോലെ കഠിനതരമാക്കി

ത്തീൎത്തു. തൽഫലമായി മാത്തൻ ആ മൃതദേഹത്തിൻെറ ഒഴിഞ്ഞ പോക്കററിൽ തൻെറ ഒരു പട്ടുകൈലേസും, സ്വന്തം കൈയക്ഷരത്തിൽ പേരെഴുതിയ ഒരു വിസിററിങ്ങ് കാഡ്ഡും തിരുകിവെച്ചു്, ഒരു ക്ലേശവും കൂടാതെ തീവണ്ടിയാപ്പീസ്സിൽ എത്തിച്ചേൎന്നു.

നേരം പ്രഭാതമായി. ഏതോ അജ്ഞാതനായ ആ പുരുഷൻെറ ജീവരക്തം ചിന്തിയ തീവണ്ടിപ്പാതപോലെ ഉദയാചലം അരുണവൎണ്ണമായി. ചാക്കൊ മുതലാളിയുടെ ബങ്കളാവിലെ വേലക്കാർ,

'മാത്തൻ കുഞ്ഞിനെ കാണ്മാനില്ല'

എന്ന തീയ്യിൽ നെയ്യൊഴിയ്ക്കുന്ന വൎത്തമാനവുംകൊണ്ടു് ചാണ്ടിമേസ്ത്തിരിയുടെ വസതിയിലേയ്ക്കോടി. അദ്ദേഹമാണല്ലൊ ആ കുടുംബത്തിൻെറ ഇപ്പോഴത്തെ പരിപൂൎണ്ണരക്ഷാധികാരി.

ഇടി തട്ടിയവൻെറ ശിരസ്സിൽ പാമ്പ് കടിയ്ക്കുന്ന ഒരു പ്രതീതിയാണു് ഈ ദാരുണ വൎത്തമാനം കേട്ടപ്പോൾ മേസ്ത്തിരിയ്ക്കുണ്ടായതു്. അദ്ദേഹം ഇങ്ങിനെ പുലമ്പി:-

"ആൎക്കവേണ്ടിയാണു് ഞാനീ മഹാത്യാഗങ്ങളെല്ലാം അനുഷ്ഠിച്ചതു? ഒരു ചെറിയ സംഖ്യയാണോ ഈയിവൻ കടം വീട്ടിയതു്? രണ്ടരയും അരയുംകൂടി മൂന്നുലക്ഷം രൂപ! എൻെറ ഓമനയെ, എൻെറ കൊച്ചുമേരിയെ, വിവാഹം ചെയ്തുകൊടുക്കാമെന്ന പ്രതിജ്ഞ വെള്ളത്തിൽ വരച്ച വരയാകുമൊ? എൻെറ ദൈവം തമ്പുരാനെ!"

അദ്ദേഹത്തിന്നു് ഇരിയ്ക്കപ്പൊറുതിയില്ലാതായി. ആയിരം കടന്നലുകൾ ഒരുമിച്ചു് തലച്ചോറിലേയ്ക്കു് കടന്നാ

ക്രമിയ്ക്കുന്നുവോ എന്നുപോലും തോന്നിപ്പോയി. ആ വി കലഹൃദയൻ മാറത്തടിച്ചുകൊണ്ടു് വാവിട്ടലറിക്കരയാൻ തുടങ്ങി.

ബഹളമെന്തെന്നറിയുവാൻ കൊച്ചുമേരി അകത്തു നിന്നു് ഓടിവന്നു. കാര്യമറിഞ്ഞപ്പോഠം അവളുടെ ഹൃദയം തപിച്ചു എങ്കിലും, കുറച്ചു് ധൈര്യമവലംബിച്ചു്, പ്രിയ പിതാവിനെ ഇങ്ങനെ സാന്ത്വനപ്പെടുത്തി:–

"അപ്പച്ചൻ ഒട്ടും വിഷമിയ്ക്കരുതു്. ചേട്ടൻ ആരോടും ഒന്നുംപറയാതെ അവിവേകമായി എവിടേയ്ക്കും കടന്നു പോകയില്ല. അദ്ദേഹത്തിൻെറ ഹൃദയം കരിങ്കല്ലൊന്നുമല്ല. എനിയ്ക്കു് നല്ലവണ്ണം അറിയാം. എങ്കിലും വേണ്ട വിധത്തിൽ അന്വേഷണം നടത്തണം. മനുഷ്യനല്ലേ? ആപത്തു നേരിട്ടുകൂടെന്നില്ലല്ലോ?"

മകളുടെ സൗമ്യവാക്കുകഠം കേട്ടതു് പാതി കേഠക്കാത്തതു് പാതിയെന്ന മട്ടിൽ, മേസ്തിരി പുറത്തേയ്ക്കോടി. അന്വേഷണം അതിജാഗ്രതയായി തുടങ്ങി.

സൂര്യൻ അസ്തമിച്ചു. ഒരു വിവരവും കിട്ടിയില്ല. ഒരു വിധം നേരം പുലർത്തിക്കൂട്ടി. ഒരു തുമ്പുമില്ല. അതുപോലെത്തന്നെ അടുത്ത ദിവസവും കടന്നുപോയി. മൂന്നാം ദിവസമാണു് മറെറാരു ഭയങ്കര വർത്തമാനം നാട്ടിൽ, കാട്ടുതീപോലെ പടന്നു പിടിച്ചതു്.

"പിതാവിൻെറ വമ്പിച്ച ധനനഷ്ടത്തിൽ നിരാശനായ മാത്തൻ, റെയിലിൽ തലവെച്ചു് മരിച്ചുപോയെന്നും, അതിന്നു് ലക്ഷ്യമായി തൻെറ പേരു് തയിച്ച ഒരു പട്ടു കൈലേസും, സ്വന്തം കൈയക്ഷരത്തിലുള്ള ഒരു

കാർഡും, പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുണ്ടുപോലും! മൃതശരീരം ആളെ തിരിച്ചറിയാൻ പാടില്ലാത്തവിധം അലങ്കോലപ്പെട്ടതിനാൽ പോസ്റ്റ് മോട്ടം ചെയ്തു് പോലീസ്സ് ബന്തവസ്സിൽ മറവുചെയ്തുവത്രെ."

എന്തു് ഭയങ്കര വാൎത്ത! മേസ്തിരി ഇടിമിന്നൽ വേഗത്തിൽ പോലീസ് സ്റ്റേഷനിൽ എത്തി. കൈലേസും കാർഡും പരിശോധിച്ചു. കാർഡ് മാത്തൻ കുഞ്ഞിൻെറ കൈപ്പടയിലാണെന്നു് മനസ്സിലാക്കാൻ അദ്ദേഹത്തിന്നു് അധികതാമസം വേണ്ടിവന്നില്ല. എങ്കിലും ഒന്നുകൂടി സൂക്ഷ്മപരിശോധന നടത്താമെന്നു് നിശ്ചയിച്ചു്, മേസ്തിരി കൊച്ചുമേരിയെക്കൂടി സ്റ്റേഷനിലേയ്ക്കു് കൊണ്ടുപോയി.

കൈലേസു് കണ്ടപ്പോൾത്തന്നെ ആ നിർഭാഗ്യവതി ബോധരഹിതയായി സ്വപിതാവിൻെറ മാറിടത്തിലേയ്ക്കു് ചാഞ്ഞു. കാരണം ആ കൈലേസു് ഏതാനും മാസങ്ങൾക്കുമുമ്പു് അവൾ സ്വകാമുകന്നു് സമ്മാനിച്ചതായിരുന്നു. അനന്തരം ആ അച്ഛനും മകളും സകല ആശകളും അസ്തമിച്ചു്, വ്രണിതചിത്തരായി, ജീവച്ഛവങ്ങളെപ്പോലെ സ്വഗൃഹത്തിലേയ്ക്കു് മടങ്ങി.

---

## പത്തു്.

പ്രിൻസിപ്പൽ ഖാൻ സാഹിബ് സ്വദേശത്തുള്ള തൻെറ വസതിയുടെ പൂമുഖത്തിരുന്നു് ഒരു ഇംഗ്ലീഷ് പേപ്പർ വായിയ്ക്കുകയാണു്. ബി. എ. പരിക്ഷാഫലം പ്രസിദ്ധപ്പെടുത്തിയ മെയിൽ പത്രമായിരുന്നു അതു്. തൻെറ സ്നേഹവാത്സല്യങ്ങൾക്കു് തികച്ചും പാത്രീഭൂതരായ ചില വിദ്യാൎത്ഥികളുടെ അപ്രതീക്ഷിതമായ വിജയം അദ്ദേഹത്തെ ആനന്ദതുന്ദിലനാക്കി. പ്രിൻസിപ്പലിനെ കൂടുതൽ ആനന്ദിപ്പിച്ചതു് നമ്മുടെ കഥാനായകനായ മാത്തനായിരുന്നു. ആ കൊച്ചുമിടുക്കൻ സംസ്ഥാനത്തിൽ ഒന്നാമനായി വിജയിച്ചുപോലും!!

സന്തോഷത്തിൻെറ തിരത്തള്ളലോടെ പ്രിൻസിപ്പൽ തൻെറ ലററർപേഡിൽ മാത്തനു് ഒരഭിനന്ദനക്കത്തെഴുതുവാൻ തുടങ്ങി. ആ ഭക്തശിഷ്യൻെറ ഗുണഗണങ്ങൾ എത്രയാണു് അതിൽ കോരിച്ചൊരിഞ്ഞിരിയ്ക്കുന്നതെന്നോ? അതു് സ്വാഭാവികവുമത്രെ. സുശീലനും സമൎത്ഥനുമായ ഒരു വിദ്യാൎത്ഥിയെ സഹൃദയനായ അവൻെറ ഗുരുനാഥനു് എത്രതന്നെ അഭിനന്ദിച്ചാലും മതിവരുന്നതല്ല.

*　　*　　*　　*　　*

എവിടെയ്ക്കെന്നില്ലാതെ യാത്രചെയ്യുന്ന നമ്മുടെ മാത്തൻ കയറിയ തീവണ്ടി, ഒടുവിൽ അതിൻെറ ലക്ഷ്യസ്ഥാനമായ മംഗലാപുരത്തു് വന്നുനിന്നു. മംഗലനിധി

യായ ആ നഗരം അയാഠംക്കു് പുത്തനാണു്. ഫ്ളാററ്ഫോറത്തിൽ ഇറങ്ങിയപ്പോഠം ഒരു പരിചിതമുഖം പോലും മാത്തനു് അവിടെ കാണാൻ കഴിഞ്ഞില്ല.

പെട്ടെന്നു് ആ നിരാശനു് ഓമ്മ വന്നു; തൻെറ അഭിവന്ദ്യനായ പ്രിൻസിപ്പൽസാറിൻെറ സ്വദേശം അവിടമാണെന്നു്. ഇത്രയും ദയനീയമായ നിലയിൽ അദ്ദേഹത്തെ ചെന്നു് കാണുവാൻ മാത്തൻെറ ആത്മാഭിമാനം അനുവദിച്ചില്ല. വല്ല കമ്പനിയിലോ, വ്യാപാരശാലയിലൊ ചെന്നു്, എന്തെങ്കിലും ജോലി അന്വേഷിച്ചു് നോക്കാമെങ്കിൽ, ഒരു റിക്ഷാ പിടിയ്ക്കുന്നതിനുപോലും അയാളുടെ പക്കൽ പണമില്ല.

വണ്ടിയിൽ നിന്നു് ഇറങ്ങുന്നതിന്നു് മുമ്പുതന്നെ മാത്തൻ തൻെറ പ്രച്ഛന്നവേഷം അഴിച്ചുമാററി. സൂട്ടും ഹേററും എടുത്തു് ധരിച്ചു. എവിടേയ്ക്കാണ് ഇനി പോകേണ്ടതെന്നു് അയാഠംക്കറിഞ്ഞുകൂടാ. ഒടുവിൽ പുത്രനിർവ്വിശേഷം സ്നേഹിച്ചിരുന്ന പ്രിൻസിപ്പലിനെത്തന്നെ ചെന്നുകണ്ടു്, തൻെറ വിഷമസ്ഥിതികളുണത്തിയ്ക്കാമെന്നു് അയാഠം തീച്ചയാക്കി. കൈവശമുണ്ടായിരുന്ന ഒരു വലിയ റേറാച്ചു്, പെട്ടവിലയ്ക്കു് വിററുകിട്ടിയ തുകകൊണ്ടു് ഒരു ഹോട്ടലിൽ കയറി ഒന്നു് കുളിച്ചു്, അല്പം ഭക്ഷണവും കഴിച്ചു്, ഒരു കുതിരവണ്ടിയിൽ മാത്തൻ പ്രിൻസിപ്പലിൻെറ വസതിയിൽ എത്തി.

അഭിനന്ദനസന്ദേശമെഴുതി പോസ്റ്റ് ചെയ്യുന്നതിന്നു മുമ്പുതന്നെ, ഉദ്ദേശിച്ച ആഠം ആകസ്മികമായി അവിടെ വന്നെത്തിയതിൽ പ്രിൻസിപ്പലിനുള്ള അത്ഭുതാനന്ദങ്ങഠംക്കു് ഒരതിരുമില്ല. അദ്ദേഹം സ്വശിഷ്യനെ വാത്സ

ല്യപൂൎവ്വം സ്വീകരിച്ചു. ഒന്നു് പുഞ്ചിരിതൂകുന്നതിന്നുപോലും മാത്തൻ അപ്പോഠം വളരെ പ്രയാസപ്പെടേണ്ടിവന്നു. അയാഠംക്കു് പലതും അദ്ദേഹത്തെ ഉണൎത്തിയ്ക്കുവാനുണ്ടു്. പക്ഷെ, ശബ്ദത്തിൻെറ നീരുറവു് ആ വരണ്ട തൊണ്ടയിൽ വററിയിരുന്നു. ആലിപ്പഴംപോലെ വലിയ കണ്ണുനീൎത്തുള്ളികഠം ആ യുവാവിൻെറ കണ്ണുകളിൽനിന്നു് അടൎന്നു് വീഴുന്നതു് പ്രിൻസിപ്പൽ ശ്രദ്ധിയ്ക്കാതിരുന്നില്ല.

മാത്തന്നു് എന്തോ ദുസ്സഹമായ മനോവ്യഥയുണ്ടെന്നു് ദയാലുവായ അദ്ദേഹം മനസ്സിലാക്കി. ഉന്നതവിദ്യാഭ്യാസത്തിന്നു് ഇംഗ്ലണ്ടിലേയ്ക്കു് പോകേണമെന്ന ആ വിദ്യാൎത്ഥിയുടെ ആഗ്രഹം, ഒരു വലിയ വൎത്തകപ്രമാണിയായ അയാളുടെ പിതാവു് നിരോധിച്ചിരിക്കുമോ? എന്നും മററും പ്രിൻസിപ്പൽ ശങ്കിയ്ക്കാതിരുന്നില്ല. എന്നാൽ അസുഖകാരണമൊന്നും അപ്പോഠം തുളച്ചുചോദിയ്ക്കാതെ, അദ്ദേഹം മാത്തനൊന്നിച്ചു് സ്വന്തം കാറിൽ ബീച്ചിലേയ്ക്കു് കാററുകൊള്ളുവാൻ പോകയാണു് ചെയ്തതു്.

വെൺമണലണിഞ്ഞു് വിശാലമായ ആ കടൽപ്പുറം തരിപ്പഞ്ചസാര പരന്നുകിടക്കുന്നതുപോലെ മനോഹരമായി കാണപ്പെട്ടു. ചില സുന്ദരിമാരുടെ മുഖത്തുണ്ടാകാറുള്ള കാക്കപ്പുള്ളിപോലെ അവിടെ സ്ഥിതി ചെയ്യുന്ന ഒരു കരിമ്പാറക്കെട്ടിൽ ആ ഗുരുവും ശിഷ്യനും മന്ദം ഇരുന്നു. അസ്തമനസൂൎയ്യൻെറ അരുണകിരണങ്ങഠം കടലിലെ തിരമാലകളെ ചുവന്ന സാൽവച്ചുരുളുകഠംപോലെ ചേതോഹരമാക്കി. പായകെട്ടി അണിയണിയായി കരയ്ക്കടുത്തു വന്നുനില്ക്കുന്ന പത്തേമാരികഠം കണ്ടാൽ ചിറകുവിടൎത്തി പറക്കാൻ തുടങ്ങുന്ന അരയന്നപ്പക്ഷികളാണോ എന്നു് ആൎക്കും തോന്നിപ്പോകും. ഇടതടവില്ലാതെ കടലിൽനിന്നു

വീശുന്ന ഇളംകാററ്, മാത്തൻെറ ചൂടുപിടിച്ച മസ്തിഷ്ക ത്തിന്നു് ഒരു കുളുമ്മ നല്കി.

ഈ സന്ദർഭം പാഴാക്കാതെ പ്രിൻസിപ്പൽ മാത്ത നോടു് സൗഹാർദ്ദമായി സംഭാഷണമാരംഭിച്ചു. പരീക്ഷ കഴിഞ്ഞു് കോളേജിൽനിന്നു് കമ്പികിട്ടി മടങ്ങിയതു് മുതൽ, നാളതുവരെയുള്ള തൻെറ കുടുംബചരിത്രം മുഴുവ നും ആ നിരാശനായ യുവാവു്, സ്വഗുരുവിൻെറ സന്നി ധിയിൽ കണ്ണുനീരും കൈയുമായി തിരുമുല്ക്കാഴ്ചവെച്ചു. അദ്ദേഹം തൻെറ അരുമശിഷ്യൻെറ നിർഭാഗ്യകരമായ കുടുംബവാർത്തകളെല്ലാം സഹതാപപൂർവ്വം കേട്ടു്, ഇടയ്ക്കി ടെ ദീർഘനിശ്വാസം വിട്ടുകൊണ്ടു്, ഒന്നും സംസാരിയ്ക്കാ തെ അധോമുഖനായിത്തന്നെ കുറച്ചുനേരം ഇരുന്നു.

ഈ ആപൽഘട്ടത്തിൽ എങ്ങിനെയാണു് മാത്ത നെ സഹായിയ്ക്കേണ്ടതെന്നു് ആ ഗുരുവര്യൻ ഗാഢമായി ചിന്തിയ്ക്കയാണു്. ഒടുവിൽ അദ്ദേഹം പറഞ്ഞു:–

"മി. മാത്തനു് എന്തെങ്കിലും ഒരു ചെറിയ ഉദ്യോ ഗം വാങ്ങിത്തരാൻ, അഥവാ കോളേജിൽത്തന്നെ ഒരു ററ്യൂട്ടരുടെ ജോലിയുണ്ടാക്കിത്തരാൻ, അള്ളാവിൻെറ സ ഹായംകൊണ്ടു് എനിയ്ക്കിപ്പോൾ വലിയ വിഷമം തോ ന്നുന്നില്ല. മാത്തൻെറ പിതാവു് ഒരു വമ്പിച്ച വർത്തക നായിരുന്നുവല്ലൊ. സാധനങ്ങൾക്കു് വിലയിടിഞ്ഞു് രൂപ നഷ്ടപ്പെട്ടുകയല്ലേ ഉണ്ടായതു്? വില, കുറയുകയും കൂടു കയും ചെയ്യുന്നതു് വ്യാപാരലോകത്തിൽ ഒട്ടും അസാധാ രണമല്ല. കടലിൽ വേലിയേററവും ഇറക്കവും ഉണ്ടാകു ന്നില്ലേ? അതുപോലെ. ലവലേശം അധൈര്യപ്പെടരു തു്. ഒരിറക്കത്തിന്നു് ഒരു ഏററവും ഒരു രാത്രിയ്ക്കു് ഒരു പകലും സ്വാഭാവികമത്രെ.

എൻെറ ഒരു മാന്യസ്നേഹിതനും, ബന്ധുവുമായ ഒരു സേട്ടു് ബോമ്പേയിലുണ്ടു്. അദ്ദേഹം അവിടത്തെ ഒരു വൎത്തകപ്രമാണിയുമാണു്. പക്ഷേ കേട്ടിരിയ്ക്കാം. ഹാജിമൂസാ കാസിം സേട്ടു്."

"ഉവ്വ് സാർ, അദ്ദേഹവുമായി എൻെറ പിതാവു് കുറെ കാലം മുമ്പു് എന്തോ കച്ചവടം നടത്തീട്ടുണ്ടെന്നു് കേട്ടിട്ടുണ്ടു്" മാത്തൻ ഭക്ത്യാദരവോടെ പറഞ്ഞു.

"ഞാൻ അദ്ദേഹത്തിന്നൊരു കത്തു് തരാം. കത്തു് കണ്ടാൽ ഉടനെ മാത്തനെ ആ വ്യാപാരശാലയിൽ ഒരു ക്ലാൎക്കായി നിയമിയ്ക്കും. മാത്തൻെറ ഭാഗ്യലക്ഷ്മിയുടെ നൎത്തനരംഗമാണു് ആ വ്യാപാരശാല എന്നു് പ്രത്യേകം ഓൎമ്മിയ്ക്കണം. വിശ്വസ്തതയ്ക്കു് ഒരിയ്ക്കലും ഭംഗമുണ്ടാക്കരുതു്. പടച്ചവൻ സഹായിയ്ക്കട്ടെ. ഇനി നമുക്കു് മടങ്ങാം."

അടുത്തദിവസം പ്രിൻസിപ്പൽ ഭക്തശിഷ്യനെ അരികെ വിളിച്ചു്, യാത്രയ്ക്കാവശ്യമായ പണവും ചില പുതിയ ഡ്രസ്സുകളും മററും പരീക്ഷാവിജയത്തിന്നു് പാരിതോഷികമായി അയാൾക്കു് നൽകി. മാത്തൻെറ ഹൃദയം ഗുരുഭക്തികൊണ്ടു് ഓളം വെട്ടുകയാണു്. അതിന്നുശേഷം അദ്ദേഹം ആ ഉത്തമവിദ്യാൎത്ഥിയെ ആത്മാൎത്ഥമായി അനുഗ്രഹിച്ചു് അന്നുതന്നെ ബോമ്പയിലേക്കു് യാത്രയയച്ചു.

കാലം കൈവരുത്തുന്നതെല്ലാം കാണുകയല്ലാതെ എന്തു് ചെയ്യാം. ലക്ഷക്കണക്കിന്നു് സ്വത്തുണ്ടായിരുന്ന ചാക്കൊ മുതലാളിയുടെ ഏക പുത്രൻ അന്യൻെറ സഹായംകൊണ്ടു് ലഭ്യമായ പണവും, വസ്ത്രങ്ങളുമായി വിദേശത്തിലേയ്ക്കു് ഉപജീവനാൎത്ഥം പോകേണ്ടിവരുമെന്നു് ആർ കരുതീട്ടുണ്ടു്?

---

## പതിനൊന്നു്.

ആപത്തു് വരുമ്പോൾ കൂട്ടത്തോടെ എന്നാണല്ലോ പഴഞ്ചൊല്ലു്. ആത്മമിത്രങ്ങളായ ചാക്കൊ മുതലാളിയുടേയും, ചാണ്ടിമേസ്തിരിയുടേയും ജന്മനക്ഷത്രങ്ങളുടെ ഉച്ചനീചാവസ്ഥകൾ മിക്കവാറും ഒരുപോലെയെന്നുതന്നെ പറയാം. ഉയരുമ്പോൾ രണ്ടു് പേരും ഒന്നിച്ചുയരുക, താഴുമ്പോൾ ഒന്നിച്ചു താണുപോകുക. മുതലാളിയെപ്പോലെ മേസ്തിരിയുടെ ഭാഗ്യചക്രവും അധോഭാഗത്തേയ്ക്കു് തന്നെ ഉരുണ്ടുപോകുവാൻ അധികതാമസം വേണ്ടിവന്നില്ല.

ഒരു വലിയ പാലംപണി മുഴുമിച്ചതു്, ഗവൎമ്മേണ്ടിൽനിന്നു് ചെക്കു്മെഷർ കഴിഞ്ഞു്, പണം വാങ്ങുന്നതിന്നു് മുമ്പുതന്നെ, കാട്ടാനകൾ വന്നു കുത്തിത്തകൎത്തു് കളഞ്ഞതും, അര മയിൽ നീളത്തിലുള്ള ഒരണക്കെട്ടു്, മലവെള്ളം കൊണ്ടു് നിരങ്ങിയതും, ഒരു മാസത്തിനുള്ളിൽ സംഭവിച്ച രണ്ടു് അത്യാഹിതങ്ങളാണു്. കൈവശം റൊക്കമുണ്ടായിരുന്ന മൂന്നുലക്ഷം രൂപ മാത്തൻകുഞ്ഞിന്നു വേണ്ടി ബലികഴിച്ചതും നമുക്കറിയാമല്ലൊ.

പാലത്തിന്റെയും, അണക്കെട്ടിന്റേയും പണിച്ചെലവിന്നു്, ബേങ്കുകളിൽനിന്നു് കടമെടുത്ത സംഖ്യയ്ക്കു്, കുടുംബസ്വത്തുക്കളെല്ലാം പണയപ്പെടുത്തേണ്ടിവന്നു. ഹാ കഷ്ടം! മുതലാളിയെപ്പോലെ മേസ്തിരിയും നിൎദ്ധനനായെന്നു് ചുരുക്കത്തിൽ പറയാം.

"ഫക്കീർ സുൽത്താനായാലും സുൽത്താൻ ഫക്കീർ ആയാലും പന്ത്രണ്ടുകാലം" എന്ന പഴമൊഴിപോലെ മേസ്തിരി തൻെറ അന്തസ്സിന്നു് വലിയ കോട്ടം വരുത്താതെ രണ്ടുമൂന്നു് കൊല്ലം തള്ളിനീക്കി.

അനന്തരം ദാരിദ്ര്യം ആ കുടുംബത്തെ കാന്തു തിന്നുവാൻ തുടങ്ങി. വരവു് കുറഞ്ഞു. ചെലവു് കൂടി. കൊല്ലംതോറും കടപ്പലിശ കൊടുക്കുവാൻതന്നെ ഒരു വലിയ സംഖ്യ വേണ്ടിവന്നു. തൻെറ നല്ലകാലത്തു് കൈയയച്ചു സഹായിച്ച ചില ചില്ലറ കരാറുകാരുടേയും, എഞ്ചിനീയർമാരുടേയും ഔദാര്യംകൊണ്ടു മാത്രമാണു് മേസ്തിരി ഇപ്പോൾ ഒരു വിധത്തിലങ്ങനെ ഞെങ്ങി ഞെരുങ്ങി കഴിഞ്ഞുവരുന്നതു്.

ഇതൊന്നുമല്ല പരമസങ്കടം. താരുണ്യം മൊട്ടിട്ടുനില്ക്കുന്ന കൊച്ചുമേരിയെ കാണുമ്പോൾ ആ വൃദ്ധൻെറ ഹൃദയം മെഴുകുപോലെ ഉരുകിപ്പോകും. എന്തെല്ലാം ത്യാഗങ്ങൾ മാത്തൻകുഞ്ഞിനുവേണ്ടി അദ്ദേഹം സഹിച്ചു? തൻെറ ആകാശക്കോട്ടകളെല്ലാം അടിയോടെ ഇടിഞ്ഞു വീണതോക്കുമ്പോൾ മേസ്തിരിയുടെ കുഴിഞ്ഞ കണ്ണുകൾ നിറഞ്ഞുവഴിയും.

ആ സമയങ്ങളിലെല്ലാം പ്രിയമകൾ കൊച്ചുമേരി, സൗമ്യവാക്കുകൾകൊണ്ടു് സ്വപിതാവിനെ സമാശ്വസിപ്പിയ്ക്കുവാൻ ശ്രമിക്കും. പുഞ്ചിരിതൂകിക്കൊണ്ടു് പിതാവിൻെറ മുഖത്തുള്ള വിഷാദഭാവത്തെ പ്രമാർജ്ജനം ചെയ്യും. അതിന്നു് വിപരീതമായി അവളുടെ അമ്മ ബ്രഹ്മാസ്ത്രംപോലെ മൂർച്ചയുള്ള ചില മുള്ളുവാക്കുകളും വർഷിയ്ക്കാതിരു

ന്നില്ല. ഇങ്ങിനെ മനസ്സുഖമില്ലാതെ വാസരങ്ങളെ വത്സരങ്ങളാക്കിയാണു് ഇപ്പോറം അദ്ദേഹം ജീവിതം കഴിക്കുന്നതു്.

ഒരു രാത്രി മേസ്തിരി ഉറങ്ങാൻ കിടന്നു. ഉറങ്ങുന്നതിന്നു് പകരം ഉറക്കെക്കരയുന്ന ശബ്ദമാണു് കൊച്ചുമേരി കേട്ടതു്. ഉടനെ അവറം പിതാവിൻെറ അടുത്തു് ചെന്നു് ശാന്തമായി പറഞ്ഞു:-

"അപ്പച്ചാ, എന്തിനാ അങ്ങു് കരയുന്നതു്? അപ്പച്ചൻെറ കൊച്ചുകാലമൊന്നാലോചിച്ചു നോക്കണം. ചേട്ടൻെറ അപ്പച്ചനും അങ്ങുന്നുംകൂടി ആഹാരത്തിന്നുപോലും മാൎഗ്ഗമില്ലാതെ, തെണ്ടിത്തിരിഞ്ഞു് എങ്ങിനെയോ ഇവിടെ വന്നെത്തിയെന്നല്ലേ പലപ്പോഴും പറയാവുള്ളതു്? അന്നത്തേക്കാറം എത്രയോ ഭേദമാണു് ഇന്നത്തെ നമ്മുടെ നില. അപ്പച്ചൻ സമ്പാദിച്ചു; അപ്പച്ചൻതന്നെ ഇഷ്ടദാനം ചെയ്തു. എന്താണു് അതിൽ ഇത്രവളരെ ദുഃഖിയ്ക്കാനുള്ളതു്? ആൎക്കാണു് അതിൽ പരാതിപറയാനുള്ളതു്? അമ്മച്ചിയുടെ ചില കുത്തുവാക്കുകറം കേട്ടാൽ ഇവിടെ ഉണ്ടായിരുന്ന സ്വത്തെല്ലാം അവരുടെ സ്ത്രീധനം വകയാണെന്നുപോലും തോന്നിപ്പോകും, കഷ്ടം!

പോരെങ്കിൽ ബി. എ. പാസ്സായ ഒരു മകളും അങ്ങയ്ക്കുണ്ടല്ലോ. നമ്മുടെ ഗൃഹത്തിൽ അത്ര അധികം ആളുകളുണ്ടോ? എന്തെങ്കിലും ചുരുങ്ങിയ ഒരു ഉദ്യോഗത്തിൽ പ്രവേശിച്ചു്, ഒന്നിനും ഒരു കുറവുവരുത്താതെ അപ്പച്ചനേയും അമ്മച്ചിയേയും ഞാൻ സംരക്ഷിച്ചുകൊള്ളാം. അതിന്നൊന്നെ ഒന്നനുവദിച്ചാൽ മതി".

## അമ്പത്തിമൂന്നു്

ചാണ്ടിമേസ്ത്തിരി, പ്രിയമകളുടെ കാര്യസംപൂൎണ്ണമായ സാന്ത്വനോക്തികഠം കേട്ടു് സന്തുഷ്ടനായി, കിടക്കയിൽ നിന്നു് പിടഞ്ഞെഴുന്നേററു. അദ്ദേഹത്തിന്നു് മനസ്സിന്നു കുറച്ചുന്മേഷം തോന്നി. ആ വത്സലപിതാവു് കണ്ണുതുടച്ചു പറയാൻ തുടങ്ങി:—

"എൻെറ കൊച്ചുമേരി, ഞാനൊന്നു് ചോദിക്കട്ടെ. വിവാഹകാര്യത്തെപ്പററിപ്പറയുമ്പോഠം എൻെറ മകളെ ന്താ ഒന്നും മിണ്ടാതിരിയ്ക്കുന്നതു്?

"അപ്പച്ചൻ എൻെറ വിവാഹം എത്രയോ മുമ്പു് ചേട്ടനെക്കൊണ്ടു് വേണമെന്നു് നിശ്ചയിച്ചപ്പോഠംത്തന്നെ അതു് കഴിഞ്ഞ ഫലമായില്ലേ? ദൈവമാതാവിൻെറ തിരുസന്നിധിയിൽ വെച്ചല്ലെ അതു് നടന്നതു്? വീണ്ടും എന്നോടു് വിവാഹം കഴിയ്ക്കുവാൻ ആവശ്യപ്പെടുന്നതിൽ എനിയ്ക്കു് വളരെ ഖേദമുണ്ടു്.

അപ്പച്ചൻ തന്നെ ഒന്നു് ആലോചിച്ചു നോക്കണം. എന്തെങ്കിലും ഒരു വസ്തു ഒരാഠക്കു് കൊടുക്കാമെന്നു് വാഗ്ദത്തം ചെയ്താൽ, പിന്നെ അതു് കൊടുക്കാതിരിക്കുന്നതു് ശരിയാണൊ?"

"മകളെ ഞങ്ങഠം വിവാഹകാൎയ്യം ശപഥം ചെയ്തതും, അതിനുവേണ്ടി ഞാൻ മദ്യപാനം തീരെ ഉപേക്ഷിച്ചതും എല്ലാം പച്ചപ്പരമാൎത്ഥങ്ങളാണു്. പക്ഷെ ആഠം ജീവിച്ചിരിപ്പില്ലെങ്കിൽ അതെല്ലാം പറഞ്ഞിട്ടെന്താ പ്രയോജനം? ഒരു കാട്ടുപൂവ്വ്പോലെ എൻെറ പൊന്നുമകഠം വാടി നശിച്ചുപോകുന്നതു് കഷ്ടമല്ലേ?

"അപ്പച്ചാ, എനിയ്ക്ക് ഒരു ഹൃദയമേയുള്ളു. അത് ഞാൻ ചേട്ടന്ന് എന്നോ കൊടുത്തുകഴിഞ്ഞു. മററാരേയും ഇനി വിവാഹം കഴിയ്ക്കണമെന്ന് ഉദ്ദേശിയ്ക്കുന്നില്ല. ഒരു ദേവദൂതൻ വന്ന് പറഞ്ഞാലും അതുണ്ടാവില്ല അപ്പച്ചാ. അതുകൊണ്ട് ഈ കാര്യത്തിൽ എന്നെ വിഷമിപ്പിയ്ക്കരുതേ. അപ്പച്ചൻ ചേട്ടന്നുവേണ്ടി മൂന്നു ലക്ഷം രൂപ ഹോമിച്ചതിൻെറ സ്മാരകമായി ഞാൻ ഇങ്ങിനെത്തന്നെ ഒററയ്ക്ക് ജീവിതം നയിച്ചുകൊള്ളാം. എന്നെപ്പററി ഒരപവാദവും അപ്പച്ചൻെറ ചെവിയിൽ എത്തില്ല, പോരെ?"

മൂന്നുലക്ഷമെന്ന വാക്ക് കേട്ട ഉടനെ മേസ്തിരിയുടെ കണ്ണ് നിറയുകയും കണ്ണനാളം താനെ അടയുകയും ചെയ്തു. അദ്ദേഹം തൊണ്ടയിടറിക്കൊണ്ട് പറഞ്ഞു:–

"മോള് പോയിക്കിടക്ക്."

അഗ്നിപർവ്വതത്തിൽനിന്നു പൊങ്ങുന്ന ഊഷ്മളമായ ആവിപോലെ ദീർഘനിശ്വാസം വിട്ടുകൊണ്ട് കൊച്ചുമേരി തൻെറ ഉറക്കറയിലേയ്ക്ക് പോയി.

---

## പന്ത്രണ്ടു്.

പ്രിൻസിപ്പലിൻെറ ഔദാര്യം ഹേതുവായി ബോമ്പ യിൽ എത്തിച്ചേൎന്ന മാത്തൻ, സേട്ടുവിൻെറ വ്യാപാരശാലയിൽ പ്രവേശിച്ചു. ആ വണിഗ്വരൻ ഉദ്യോഗാൎത്ഥിയായ ആ യുവാവിനെ ഉടനീളം ഒന്നു് നോക്കി. കരിങ്കാറുകൾക്കിടയിൽ ചന്ദ്രക്കലയെന്നപോലെ പലവിധമായ അഴലിൻെറ നിഴലുകളിൽക്കൂടെ ആ യുവരസികൻെറ ചൈതന്യം തുളുമ്പുന്ന കണ്ണുകളും, ചൊടിയുള്ള മുഖഭാവവും, നിൎമ്മലഹൃദയവും, മനശ്ശാസ്ത്രവിദഗ്ദ്ധനായ സേട്ടു നിഷ്പ്രയാസം കണ്ടുപിടിച്ചു. എന്തിനധികം! മാത്തൻ സേട്ടുവിൻെറ പ്രൈവററു് സെക്രട്ടറിയായി നിയമിയ്ക്കപ്പെട്ടു.

ആ പുതിയ ഉദ്യോഗസ്ഥൻെറ വിശ്വസ്തതയെ പരീക്ഷിയ്ക്കുന്ന പല ചെപ്പടിവിദ്യകളും സേട്ടു ഇടയ്ക്കിടെ പ്രയോഗിയ്ക്കാതിരുന്നില്ല. എന്നാൽ ആ പരീക്ഷണങ്ങളിലെല്ലാം നിഷ്കളങ്കനായ മാത്തൻ പ്രശസ്തമാകും വണ്ണം വിജയിയ്ക്കുതന്നെ ചെയ്തു. സമ്പത്തിൻെറ മടിയിൽ ജനിച്ചുവളൎന്നവൻ തന്നെയാണല്ലോ മാത്തൻ കുഞ്ഞും.

സേട്ടുവിന്നു് തൻെറ പുതിയ സെക്രട്ടറിയിൽ വിശ്വാസവും സ്നേഹവും അനുദിനം വൎദ്ധിച്ചുവന്നു. അഭ്യസ്തവിദ്യനും വിശ്വസ്തനുമായ ഒരു യുവാവിനെ, അയച്ചുതന്നതിൽ അഭിനന്ദിച്ചുകൊണ്ടു് അദ്ദേഹം പ്രിൻസിപ്പലിന്നു് പല കത്തുകളും എഴുതുകയുണ്ടായി.

തന്നെ ഈ സ്ഥാനത്തേയ്ക്കെത്തിച്ച പ്രിൻസിപ്പലിനോടുള്ള മാത്തൻെറ കൃതജ്ഞതയ്ക്ക് ഒരതിരുമില്ല. ബോമ്പയിലെ പല കൗതുകവസ്തുക്കളും, കളിക്കോപ്പുകളും തൻെറ കൃതജ്ഞതാസൂചകമായി മാത്തൻ ഇടയ്ക്കിടെ പ്രിൻസിപ്പലിൻെറ കുഞ്ഞുങ്ങൾക്ക് അയച്ചുകൊടുക്കാറുണ്ട്.

അഞ്ചാറുകൊല്ലത്തെ നിരന്തരമായ പരിശ്രമഫലമായി, കാന്തം ഇരുമ്പിനെയെന്നപോലെ മാത്തൻ വ്യാപാരത്തിലെ വിവിധ മമ്മങ്ങളേയും ആകഷിയ്ക്കാതിരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ അയാൾ ഒരൊന്നാന്തരം വണിഗ്വരനായിത്തീരുവാനുള്ള അടിത്തറ പണി കഴിഞ്ഞു എന്നു് സാരം.

*　　*　　*　　*　　*

ഹാജിമൂസ സേട്ടിൻെറ ദത്തപുത്രൻ എന്ന നിലയിലാണു് മാത്തൻ ഇപ്പോൾ അവിടെ കഴിഞ്ഞു വരുന്നതു്. കച്ചവടസംബന്ധമായ മിയ്ക്കകാൎയ്യങ്ങളും ഇപ്പോൾ അവിടെ നിൎവ്വഹിയ്ക്കപ്പെടുന്നതു് മാത്തൻെറ നേതൃത്വത്തിലാണു്. ഈശ്വരാധീനം കൊണ്ടോ, മാത്തൻെറ വിദഗ്ദ്ധമായ കച്ചവടക്കണ്ണുകൊണ്ടോ, എന്തോ ഒന്നുരണ്ടിനം ചരക്കുകൾ വളരെയധികം സ്റ്റോക്ക് വെപ്പിയ്ക്കുകയും, അതിൻെറ പത്തിരട്ടി വിലയ്ക്കു് അവയെല്ലാം വില്ക്കുവാനിടവരികയും ചെയ്തതാണു്, സേട്ടുവിന്നു് മാത്തനോട്ടു് ഇത്ര അധികം സ്നേഹാദരങ്ങളുണ്ടാകുവാൻ കാരണം.

അമ്പത്തിഏഴു്

ചില ഒഴിവുദിവസങ്ങളിൽ കൊച്ചുമേരിയേയും അവളുടെ പിതാവിനേയും പററി ചിന്തിച്ചു് ചിന്തിച്ചു്, മാത്തൻ വളരെ സമയം തനിയെ ഇരുന്നുപോകും. കൊച്ചുമേരിയും താനും ഒരേ സ്കൂളിൽ പഠിയ്ക്കുന്നതും, അവൾക്കു് ഗൃഹപാഠങ്ങൾ പറഞ്ഞു കൊടുക്കുന്നതും, ഒരുമിച്ചു് പാഠശാലയിലേയ്ക്കു് പോകുന്നതും മററും ഒരു വെള്ളിത്തിരയിലെന്നോണം അയാളുടെ മനോഭിത്തിയിൽ ഉദിച്ചുയരും.

സ്വപിതാവിൻെറ അഭിമാനം പുലത്തുവാനും, തൻെറ ജീവിതം സുഖപരിപൂർണ്ണമാക്കുവാനും വേണ്ടി മേസ്തിരി ബലികഴിച്ച ആ വലിയ സംഖ്യയുടെ കാര്യമോക്കുമ്പോൾ ആ യുവാവ് കിടുകിടെ വിറയ്ക്കാറുണ്ടു്. ആ പെരുത്ത സംഖ്യ ആ ഹതഭാഗ്യനെ തുറിച്ചുനോക്കുന്നതുപോലെ ആയാൾക്കു തോന്നി.

വീട്ടിൽനിന്നു് നിരാശ്രയനായി, നിരാശനായി ഇറങ്ങിപ്പോന്ന ആ പാതിരാത്രിയിൽ തീവണ്ടിപ്പാതയിൽ കിടന്നു പിടച്ചിരുന്ന മൃതശരീരത്തിൻെറ ഒഴിഞ്ഞ പോക്കററിൽ കൈലേസും കാർഡും നിക്ഷേപിച്ചതു് തന്നെ കേവലം വിസ്മരിയ്ക്കുവാൻ കാരണമാക്കുമെങ്കിലും, കൊച്ചുമേരി അന്യാധീനപ്പെടുവാൻ അതു് സഹായമായിത്തീരുമെന്നു് ആ പ്രേമധനൻ ശങ്കിയ്ക്കാതിരുന്നില്ല.

"ഞാൻ ജീവിച്ചിരിപ്പുണ്ടെന്ന പരമരഹസ്യം എങ്ങിനെ എൻെറ ആരാധനാപാത്രത്തെ അറിയിയ്ക്കാതിരിയ്ക്കും? അവൾ അന്യൻെറ ഭാര്യയായിത്തീൎന്നിട്ടുണ്ടെങ്കിൽ അതറിയുന്നതു് അവൾക്കു് അസുഖഹേതുവാകുമ

ല്ലൊ?–മേസ്തിരിയുടെ രൂപ കൊടുക്കാതെ മേരിയെ വിവാഹം ചെയ്യുകയില്ല എന്ന ശപഥത്തിന്നെതിരായി എങ്ങിനെ സ്വദേശത്തേയ്ക്കു് മടങ്ങിപ്പോകും?''

ഈവിധം തപ്തചിന്തകളാൽ മാത്തൻ വലിയ ധർമ്മസങ്കടത്തിലായി. വികാരവിവശനായ അയാഠം അവിടെ ഇരുന്നൊന്നു് മയങ്ങി. സേട്ടുവിന്നു് അയാളുടെ നേരെ എന്തോ ഒരു പ്രത്യേക വാത്സല്യമുണ്ടെന്നു് മനസ്സിലായതിന്നു് ശേഷമത്രെ സ്വദേശത്തെക്കുറിച്ചുള്ള തീവ്രചിന്തകഠം ഇടവിടാതെ മാത്തനെ അലട്ടാൻ തുടങ്ങിയതു്. ഒരു പക്ഷെ വ്യാപാരംകൊണ്ടു് തൻെറ അഭീഷ്ടം ഒരു കാലത്തു് സാധിക്കുമെന്ന ആശാവല്ലരി തളിക്കുകയായിരിയ്ക്കാം.

---

## പതിമൂന്നു്.

"സേട്ടുജി വിളിയ്ക്കുന്നു" എന്നു് പ്യൂൺ വന്നു പറഞ്ഞപ്പോഴാണു് മാത്തൻ തൻെറ ദിവാസ്വപ്നത്തിൽ നിന്നുണൎന്നതു്. അയാഠം സേട്ടുവിൻെറ മുറിയിലേയ്ക്കു് ആദരപൂൎവ്വം കടന്നുചെന്നു. തന്നെപ്പോലെത്തന്നെ അദ്ദേഹവും എന്തോ അഗാധമായ ചിന്തയിൽ മുഴുകിയിരിയ്ക്കുന്നപോലെ മാത്തന്നു് തോന്നി.

അനന്തരം സേട്ടു തൻെറ സെക്രട്ടറിയെ അരികെ വിളിച്ചിരുത്തി, പുഞ്ചിരിതൂകിക്കൊണ്ടു് പറഞ്ഞു:—

"മാത്തൻകുഞ്ഞെ, ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കൈവന്നതിൽ നമുക്കെല്ലാം അഭിമാനിയ്ക്കുവാൻ അവകാശമുണ്ടു്. പക്ഷെ വിദേശഭരണാധികാരികഠം കെട്ടു് കെട്ടിപ്പോകുന്ന ആ വിഷമഘട്ടത്തിൽ ചെയ്തു വെച്ച കെണിയിൽ കുടുങ്ങി. ഇന്ത്യ രണ്ടായി വിഭജിയ്ക്കപ്പെടേണ്ടിവന്നതു് നമുക്കൊട്ടും ശ്രേയസ്കരമല്ല. പോകട്ടെ, അതു് സംഭവിച്ചുവല്ലോ.

എന്നാൽ ഹിന്ദുക്കളും മുഹമ്മദീയരും തമ്മിൽ ഇത്രയും നീചനീചമായ വിധത്തിൽ വൎത്തിയ്ക്കുവാൻ കാരണമെന്തെന്നു് തീരെ മനസ്സിലാകുന്നില്ല. ഒരമ്മയുടെ മക്കഠം പരസ്പരം കൊള്ളയും, കൊലയും, കൊള്ളിവെപ്പും നടത്തിവരുന്നതു് പരമകഷ്ടം തന്നെ.

പാക്കിസ്ഥാനിൽനിന്നു് ഹിന്ദുക്കൾ സംഖ്യയില്ലാത്തവണ്ണം ഇന്ത്യയിലേയ്ക്കു് പ്രവഹിയ്ക്കുന്നതു്കാണുമ്പോൾ ഇന്ത്യയിലെ മുഹമ്മദീയക്കും പാക്കിസ്ഥാനിലേയ്ക്കു് പോകുവാൻ ഒരു പ്രചോദനം താനെയുണ്ടാകുന്നതിൽ അത്ഭുതപ്പെടാനില്ല. ആ സ്ഥിതിക്കു് പാക്കിസ്ഥാൻ ജന്മദേശമായിരിയ്ക്കുന്ന എന്നെപ്പോലെയുള്ളവരുടെ കാര്യം പ്രത്യേകം എടുത്തുപറയണമെന്നില്ലല്ലോ. എൻെറ ബന്ധുമിത്രാദികളുടെ നിരന്തരമായ ക്ഷണം ഹേതുവായി ഞാനും അങ്ങോട്ടു് പോകാൻ നിശ്ചയിച്ചിരിയ്ക്കുകയാണു്.

കച്ചവടമെല്ലാം മാത്തനെ ഏല്പിയ്ക്കാനത്രെ ഉദ്ദേശിയ്ക്കുന്നതു്. രൂപയായി ഇരിപ്പുള്ളതും, പല ബേങ്കുകളിൽ നിക്ഷേപിച്ചിരിയ്ക്കുന്നതുമെല്ലാം, ഞാൻ കൊണ്ടുപോയിക്കൊള്ളാം. വ്യാപാരശാലയിലേയും, ഗുദാമുകളിലേയും, ചരക്കുകളും പിരിഞ്ഞുകിട്ടുവാനുള്ള സംഖ്യയും മററും ഞാൻ മാത്തനു് എൻെറ പ്രീതിവാത്സല്യം പ്രതിഫലം കാണിച്ചു തീറുതരുവാൻ തീർച്ചയാക്കിയിരിയ്ക്കുന്നു. ഇന്നുതന്നെ വക്കീലിനോടാലോചിച്ചു് ആധാരമെഴുതുന്നുണ്ടു്.”

മാത്തൻെറ കണ്ണുകൾ ആനന്ദബാഷ്പംകൊണ്ടു് കവിഞ്ഞൊഴുകി. സ്വപിതാവിൻെറ അനുഗ്രഹം ഫലം കായ്ക്കാൻ പോകുന്ന ശുഭമുഹൂത്തം കാണുവാൻ ആ ശുദ്ധാത്മാവു ജീവിച്ചിരിയ്ക്കുന്നില്ലല്ലോ എന്നു് ആ പിതൃഭക്തൻ മനഃപൂവ്വം ഖേദിച്ചു.

തൽക്ഷണം മാത്തൻ ദാനസമ്പന്നനായ സേട്ടുവിൻെറ കാല്ക്കൽ വീണു് ഗദ്ഗദാക്ഷരത്തിൽ തൻെറ കുടുംബചരിത്രം മുഴുവനും അദ്ദേഹത്തെ ധരിപ്പിച്ചു.

ചാക്കൊ മുതലാളി മാത്തൻെറ അച്ഛനായിരുന്നു എന്നു് അറിഞ്ഞ മാത്രയിൽ, സേട്ടു അയാളെ പിടിച്ചെഴുന്നേല്പിച്ചു് ആലിംഗനം ചെയ്കയാണുണ്ടായതു്. കൃതകൃത്യതയുടെ കൊടുമുടിയിൽ നിന്നുകൊണ്ടു് അദ്ദേഹം പറഞ്ഞുതുടങ്ങി:—

പ്രിയപ്പെട്ട മാത്തൻകുഞ്ഞേ, ചാക്കോ മുതലാളിയോടു്, അതെ നിൻെറ പിതാവിനോടു് തന്നെ, ഞാൻ ഏററവും കടപ്പെട്ടവനാണു്."

കാര്യമൊന്നും മനസ്സിലാകാതെ മാത്തൻ അദ്ദേഹത്തിൻെറ മുഖത്തേയ്ക്കുതന്നെ ഉററുനോക്കിക്കൊണ്ടു നിന്നു. സേട്ടു തുടൎന്നു:—

"അതെ, വീട്ടാൻസാധിയ്ക്കാത്ത കടം. ഞാൻ എൻെറ ജന്മദേശമായ കറാച്ചിയിൽ നിന്നു് ആദ്യമായി ഈ ബോമ്പയിൽ വന്ന കാലത്തു്, എന്നെ ഒരു കച്ചവടക്കാരനാക്കിത്തീൎത്തതു് നിൻെറ അച്ഛനായിരുന്നു. എന്തോ ചില പ്രത്യേകകാര്യങ്ങൾക്കായി അന്നൊരു ദിവസം അദ്ദേഹം ഇവിടെ വന്നപ്പോൾ, റോഡരികിൽ ഇരുന്നു മധുരനാരങ്ങ വില്ക്കുന്ന എന്നെ യാദൃച്ഛികമായി കാണുകയും, ദയാപൂൎവ്വം കുറെനേരം എന്നോടു് സംസാരിയ്ക്കുകയും ചെയ്തു. ആദ്യമായിക്കണ്ട അവസരത്തിൽത്തന്നെ എന്തെന്നില്ലാത്ത ഒരാദരവു് എനിയ്ക്കദ്ദേഹത്തോടുണ്ടായി. സംഭാഷണത്തിൽനിന്നു് എൻെറ സ്ഥിതിഗതികളും വ്യാപാരവിഷയത്തിലുള്ള താല്പൎയ്യവും അദ്ദേഹം മനസ്സിലാക്കിയോ എന്തോ, ആ മഹാനുഭവൻ കുറെ കഴിഞ്ഞുണ്ടായിപ്പ

രിപ്പും കുരുമുളകും എനിയ്ക്കു് കടമായി അയച്ചുതരികയാണു് ചെയ്തതു്. എന്തു് ശ്രേഷ്ഠമായ ദാനശീലം!

അങ്ങിനെ സംഖ്യ അയച്ചുകൊടുത്തും, കടമായി ചരക്കെടുത്തും, കുറെകാലം ഞങ്ങൾ കച്ചവടം തുടൎന്നുനടത്തിവന്നു. ആ ഇടപാടിൽ യാതൊരു സംഖ്യയും ഞാൻ കൊടുത്തുതീൎക്കാനില്ലെങ്കിലും, നിൻെറ പിതാവിനോടുള്ള കടപ്പാടു് ഇപ്പോഴും നിലവിൽ നില്ക്കുകയായിരുന്നു. അന്നു് അദ്ദേഹം എന്നെ സഹായിച്ചില്ലെങ്കിൽ ഞാൻ ഈ വിധത്തിൽ ഉയരുകയില്ല, തീൎച്ച. ആ കടബാദ്ധ്യത തീൎക്കുന്നതിന്നു് ഉചിതമായ ഒരവസരം അള്ളാവു് കൈവരുത്തിയതിൽ ഞാൻ ഏററവും കൃതാൎത്ഥനായിരിയ്ക്കുന്നു

കുറെ കാലമായി എൻെറ വ്യാപാരം ജൌളിത്തരങ്ങളാക്കിയതിനാലാണു്, ചാക്കോ മുതലാളിയും ഞാനും തമ്മിലുള്ള ബന്ധം തീരെ മുറിഞ്ഞുപോയതു്. അദ്ദേഹത്തിൻെറ ഈ വിഷമഘട്ടം കുറെ മുമ്പു് ഞാൻ അറിഞ്ഞിരുന്നെങ്കിൽ കച്ചവടം പൊളിയാതെത്തന്നെ നടത്താമായിരുന്നു. അതെല്ലാം ഇനി പറഞ്ഞിട്ടു് ഫലമില്ലല്ലൊ. ആ ശുദ്ധഹൃദയൻ ആധിമുഴുത്തു്, ഹൃദയം തകൎന്നു്, മരിയ്ക്കുവാൻകൂടി ഇടവന്നതിൽ ഞാൻ ഏററവും ഖേദിയ്ക്കുന്നു. എന്തു് ചെയ്യാം!

മാത്തൻ നാളെത്തന്നെ സ്വദേശത്തേയ്ക്കു് പുറപ്പെടണം. മേസ്തിരിയോ ആരോ ഒരാൾ ഒരു വലിയ സംഖ്യ സഹായിച്ചു എന്നു് പറഞ്ഞില്ലേ? അദ്ദേഹത്തെ ചെന്നു കാണുക. ആ മൂന്നുലക്ഷം രൂപയ്ക്കു് ഇപ്പോൾത്തന്നെ ചെ

ക്കെഴുതിത്തരാം. കുറെ രൂപ വേറെയും കൊണ്ടുപോകണം. നിൻെറ പ്രേമഭാജനം–അദ്ദേഹത്തിൻെറ മകളെന്നല്ലെ പറഞ്ഞതു്? അവരം അന്യന്നു് ഭാര്യയാകാതെ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെങ്കിൽ മാത്തൻ പരമഭാഗ്യവാൻതന്നെ യാണു്. വിവരങ്ങരംക്കു് വിശദമായി കമ്പി അടിയ്ക്കുക. നീ മടങ്ങി വന്നേ പാക്കിസ്ഥാനിലേയ്ക്കുള്ള എൻെറ യാത്ര യുടെ ഒരുക്കങ്ങരം ഞാൻ പൂർത്തിയാക്കുന്നുള്ളു".

മാത്തന്നു് അയാരം നില്ക്കുന്ന സ്ഥലം സ്വർഗ്ഗലോക മാണെന്നും, സേട്ടു സാക്ഷാൽ മുഹമ്മദു് നബിയാണെന്നും കൂടി അപ്പോരം തോന്നിപ്പോയി. ദൈവത്തിൻെറ അത്ഭു തശക്തികളെ ഓർത്തു് സന്തോഷക്കണ്ണീർ പൊരിഞ്ഞു് കൊണ്ടു്, ആ യുവാവു് സ്വദേശത്തേയ്ക്കുള്ള യാത്രയ്ക്കു് സന്നദ്ധനായി. ഹാ, എന്തു് ഉൽക്കണ്ഠാജനകവും ഉല്ലാസ പ്രദവുമായ യാത്ര!!

## പതിന്നാല്ഌ്.

ഒരു കാലത്തു് ധനാഢ്യനും, പ്രസിദ്ധ കൺട്രാക്ടരു മായി കാലം കഴിച്ച ചാണ്ടിമേസ്തിരി കിഴവനും രോഗിയു മായി ദിവസങ്ങഠം എണ്ണിയെണ്ണിക്കഴിയ്ക്കുകയാണു്. വെ ള്ളത്തിൽ മുങ്ങിത്താഴാൻ തുടങ്ങുന്ന ഒരുവനെ നീന്തലറി യാത്ത മററൊരാഠം സഹായിപ്പാൻ ശ്രമിച്ചതിൻെറ ഫല മാണ് ഇതെല്ലാമെന്നു് മേസ്തിരിയെ പലരും അധിക്ഷേ പിച്ചു.

കൊച്ചുമേരിയ്ക്കു്, ഭാഗ്യവശാൽ സ്ഥലത്തെ ഒരു കോൺവെൻഡ് ഹൈസ്കൂളിൽ ഒരദ്ധ്യാപികയുടെ ഉദ്യോ ഗം ലഭിച്ചു.

മേസ്തിരിയുടെ കുടുംബത്തെ പട്ടിണിപ്പിശാചിൻെറ കൊട്ടംവായിൽനിന്നു് പിടിച്ചു മാററുന്നതു് ഇപ്പോഠം കൊച്ചുമേരിമാത്രമാണു്. മാത്തൻകുഞ്ഞിനെപ്പററി ചി ന്തിച്ചു അവഠം ഇപ്പോഴും നെടുവീർപ്പിടാറുണ്ടു്. കണ്ണുനീർ ചൊരിയാറുണ്ടു്. ആ സന്ദർഭങ്ങളിലെല്ലാം പ്രിയപിതാവു് പുത്രിയെ ആവുംവിധം സമാധാനിപ്പിച്ചുവന്നു.

കൊച്ചുമേരിയുടെ മാത്തൻചേട്ടനെപ്പററി ആരെങ്കി ലും എന്തെങ്കിലും അസുഖകരമായി സംസാരിയ്ക്കുന്നതു് കേട്ടാൽ, അവഠംക്കു് കോപതാപങ്ങളെക്കൊണ്ടു് കണ്ണുകാ ണാൻ പാടില്ലാതാകും. അവർ ആരായാലും ശരി, അതി നുചിതമായ സമാധാനം പറഞ്ഞേ ആ ഹതഭാഗ്യ അട ങ്ങുകയുള്ളു. ആ നിർഭാഗ്യവതിയുടെ ന്യായപൂർവ്വമായ യുക്തി വാദങ്ങഠം കേഠംക്കുമ്പോഠം ചില പഴമക്കാർ സഹതാപ

പൂർവ്വം ഉള്ളിൽ വിചാരിയ്ക്കും. "സാധു പെണ്ണ്° മാത്തൻ നാളെയോ മററെന്നാളോ വരുമെന്നു° കരുതികാത്തു° നരയ്ക്കുയാണു°, കഷ്ടം!"

ചാണ്ടി മേസ്തിരിയുടെ ബങ്കളാവു° പണയം എടുത്ത ധനികൻ തൻെറ മകനെക്കൊണ്ടു° കൊച്ചുമേരിയെ വിവാഹം കഴിപ്പിയ്ക്കുവാൻ കൊണ്ടുപിടിച്ചു ശ്രമിച്ചു. എങ്കിലും, ആ സ്ഥിരചിത്ത അതിന്നു കടുകിട വഴിപ്പെട്ടില്ല. മേസ്തിരി കാര്യത്തിൻെറ ഗൗരവസ്ഥിതിയെ സംബന്ധിച്ചു° മകളോടു° പല പ്രാവശ്യവും ഉപദേശിയ്ക്കുയും, ശാസിയ്ക്കുയും ചെയ്തെങ്കിലും, അതെല്ലാം വനരോദനമായിട്ടാണു കലാശിച്ചതു°.

കോപാക്രാന്തനായ ആ ഉത്തമണ്ണൻ പക പോക്കാൻ കാപ്പുകെട്ടി. അതിൻെറ ദുരന്തഫലമായി അടുത്ത ദിവസം മേസ്തിരിയുടെ പേരിൽ ആയാൾ പണയസംഖ്യയുടെ മുതൽപലിശയ്ക്കു° കോടതിയിൽ അന്യായം ബോധിപ്പിച്ചു. മേസ്തിരി ചില സ്നേഹിതന്മാരുടെ പ്രേരണയാൽ പത്രിക കൊടുത്തു വാദിയ്ക്കുവാൻ തന്നെ നിശ്ചയിച്ചു. കേസ്സ്° കുറെനാൾ ദീർഘിയ്ക്കുവാനെ ആ വാദം കൊണ്ടു° അദ്ദേഹത്തിന്നു സാധിച്ചുള്ളു. അന്യായക്കാരൻെറ മകനു° മകളെ വിവാഹം കഴിച്ചു കൊടുക്കാത്തതാണല്ലോ കേസ്സിൻെറ മുരടു° എന്നു° ഓർത്തുണ്ടായ കോപാധിക്യം മൂലം അതിന്നു° വഴിപ്പെട്ടു എന്നെയുള്ളു.

കൊച്ചുമേരി സ്കൂളിൽ പഠിപ്പിച്ചും വിശ്രമരഹിതയായി ററ്യൂഷൻ എടുത്തും കൈവരുത്തുന്ന സമ്പാദ്യത്തിൻെറ സിംഹഭാഗവും ആഹാരത്തിന്നല്ല, വ്യവഹാരത്തിന്നാത്രെ ചിലവായതു°.

---

അറുപതിആറു°

## പതിനഞ്ചു്.

അന്നു് വൈകുന്നേരം മേരി മിസ്ട്രസ് വിദ്യാലയം വിട്ടുവരുമ്പോൾ സ്വഗൃഹത്തിൻെറ മുററത്തും, പൂമുഖത്തും കുറെ അധികം ആളുകൾ കൂടിനില്ക്കുന്നപോലെ തോന്നി. ഒന്നുരണ്ടു് കോൺസ്റ്റബിൾമാരുടെ കട്ടംചുവപ്പു തൊപ്പികൾ കുറെ അകലെനിന്നുതന്നെ അവൾ കണ്ടു് വളരെ പരിഭ്രമിച്ചു. ഗെയിററു് കടന്നപ്പോൾ ആഗതന്മാർ ആമീനം ശിപായിമാരുമാണെന്നു് അവൾക്കു് ബോദ്ധ്യമായി. അവിചാരിതവും അവമാനകരവുമായ ഈ അനിഷ്ടസംഭവത്തിൽ പരിഭ്രമിച്ചുകൊണ്ടു് വെമ്പലോടെ മിസ്ട്രസ് പൂമുഖത്തേയ്ക്കു് ഓടിക്കയറാൻ ഭാവിച്ചപ്പോൾ, ആമീൻ സഗൗരവം കല്പിച്ചു:-

"കയറിപ്പോകരുതു്. വീടു് ജപ്തിചെയ്യാനും വീട്ടുകാരെ കുടിയിറക്കാനും കല്പനയുണ്ടു്".

അതുകേട്ടു് അവർ നടുങ്ങിപ്പോയി. എങ്ങിനെ നടുങ്ങാതിരിയ്ക്കും! ഒരു തുള്ളി രക്തംപോലും ദേഹത്തിൽ ഇല്ലാത്തവിധം ആ അദ്ധ്യാപികയുടെ മുഖം ചാരംപോലെ വിളറിപ്പോയി. നാവു് ഹൃദയത്തിൽ ചെന്നൊളിച്ചപോലെ ഒരു വാക്കുപോലും പുറത്തുവന്നില്ല. ചെവി ചൂളം വിളിയ്ക്കുവാനും തല ചുററുവാനും തുടങ്ങി. ആ തരുണീമണി നില്ക്കുവാൻ ശക്തയാകാതെ അവിടെത്തന്നെ നി

ലത്തു് മെല്ലെ ഇരുന്നുപോയി, തണ്ടൊടിഞ്ഞ ചെന്താമരപ്പൂവു് പോലെ.

ആമീനും ശിപായിമാരും അന്യായക്കാരനും മററും അകത്തുകടന്നു് കസേല, മേശ, പെട്ടി, കട്ടിൽ, ചെമ്പു് ഉരുളി മുതലായ ജംഗമവസ്തുക്കറം ഓരോന്നായി പുറത്തെടുത്തു് കണക്കെഴുതിത്തുടങ്ങി. മേസ്തിരി കട്ടിലിൽക്കിടന്നു് "കൊച്ചുമേരി, കൊച്ചുമേരി, എൻെറ പൊന്നുമോളെ." എന്നു് വാവിട്ടു് നിലവിളിയ്ക്കുകയാണു്. എന്തു് ദയനീയരംഗം!

"കഷ്ടം! കൈയിലുള്ള പണം മുഴവൻ മകളെ കെട്ടിയ്ക്കാമെന്നു് വ്യാമോഹിച്ചു് അന്യന്നു് കൊടുത്തുണ്ടായ വിപത്താണു് ഈ കണ്ടതെല്ലാം" എന്നു് ആ കൂട്ടത്തിൽ നിന്നു് ഒരാറം പുച്ഛരസത്തിൽ പറഞ്ഞു.

അതാ ഒരു കാർ വരുന്നു! വെള്ളിയിൽ വാർത്തെടുത്തപോലെ മനോഹരമായ ഒരു ന്യൂ മോഡൽ കാറു്! ആ മണിരഥം മേസ്തിരിയുടെ ഗയിററിൽ വന്നുനിന്നു. വെള്ള ഖാദർ ജിബ്ബായും ദോത്തിയും ധരിച്ച ഒരു സുമുഖൻ ഒരു ബേഗ്ഗമായി ഇറങ്ങിവന്നു.

"എന്താണിതു്? ഇവിടെ ഇത്ര അധികം ആളുകറം കൂടി നില്ക്കുന്നതെന്തു്? പാണ്ടി മേസ്തിരിയുടെ ഗൃഹമല്ലേ ഇതു്? അദ്ദേഹം എവിടെ? കൊച്ചുമേരി ഇവിടെയല്ലേ താമസിയ്ക്കുന്നതു്?"

എന്നിങ്ങനെ ആഗതൻ പരിഭ്രമിച്ചുകൊണ്ടു് പലതും ചോദിച്ചു. അദ്ദേഹം പകച്ചുകൊണ്ടു് അങ്ങുമിങ്ങും

DISTRI... LIBRARY
No...............

നോക്കിത്തുടങ്ങി. ആരും ഒന്നും മറുപടി പറയുന്നില്ല. എല്ലാവരും ആ യുവാവിൻെറ മുഖത്തേയ്ക്ക് ഇമവെട്ടാതെ തുറിച്ചുനോക്കി നിന്നതേയുള്ളു. ഈ ബഹളംകേട്ട് മേരി മിസ്ട്രസ് മെല്ലെ എഴുന്നേററുനിന്നു.

"ഹേ സാർ, നിങ്ങളെന്താ ഈ സാമാനങ്ങളെല്ലാം പുറത്തെടുത്തതു്." ആഗതൻ വീണ്ടും ആമീനോട്ട് ചോദിച്ചു. മൂന്നു ലക്ഷം രൂപ തനിയ്ക്ക് കടം തന്ന മഹാ ധനികൻെറ ഗൃഹത്തിൽ ഈ വിധത്തിൽ ജപ്തിവരുമെന്നു് ആ ഋജുബുദ്ധിയ്ക്ക് ഊഹിയ്ക്കാൻ കഴിഞ്ഞില്ല.

"ഇതു് സർക്കാർ ഓർഡറാണു് ഹേ. രൂപ ഏഴായിരം ഇങ്ങെണ്ണിത്തന്നേയ്ക്കൂ, അത്ര സങ്കടമുണ്ടെങ്കിൽ! എന്നാൽ ഒന്നും എടുക്കുന്നില്ല. അല്ലെങ്കിൽ ഉപ്പുചിരട്ട കൂടി ബാക്കിവെയ്ക്കാതെ ജപ്തിചെയ്തു കൊണ്ടുപോകും."

ആമീൻ ഹാസ്യരസത്തിൽ പറഞ്ഞു.

"ഏഴായിരമോ, അത്രയല്ലെ ഉള്ളു! ആ യുവകുബേരൻ ബേഗ്തുറന്നു് എഴുപതു് നൂറുരൂപായുടെ കറൻസി നോട്ടുകൾ, വെറും സിനിമാ നോട്ടീസുകളെന്നപോലെ ആമീൻ പക്കൽ എണ്ണിക്കൊടുത്തു്, സംഖ്യ കിട്ടിയെന്ന രശീതി ഒപ്പിട്ടുവാങ്ങി.

"ആരാണിയ്യാൾ? മേസ്തിരിയുടെ കഷ്ടകാലത്തിൽ സഹായിയ്ക്കുവാൻ സ്വർഗ്ഗലോകത്തുനിന്നിറങ്ങിവന്ന ഒരു ദേവദൂതനോ? എന്നുപോലും ശങ്കിച്ച് എല്ലാവരും വിസ്മയസ്തബ്ധരായിത്തീൻ. തൽക്ഷണം,

"പാരമിഷ്ടജനരൂപമോരുവാൻ

നാരിമാർക്കുനയനം സുസൂക്ഷ്മമാം"

എന്നകവിവാക്യംഅന്വത്ഥമാക്കമാറു്, മേരീമിസ്ട്രസ്സ്:-

"എന്റെ മാത്തൻ ചേട്ടനല്ലേ, ഇതു്. റയിലിൽതല തെളി മരിച്ചു എന്നു് തെററിദ്ധരിച്ച ചേട്ടൻ." എന്നുറക്കെ പറഞ്ഞു് ആ യുവരസികന്റെ മുമ്പിൽ കൈക്കൂപ്പി. ഇതിനിടയിൽ ആമീനും ശിപായിമാരും മററും അവിടെ നിന്നു് എങ്ങോട്ടോപൊയ്ക്കളഞ്ഞു.

"അപ്പച്ചാ, നമ്മുടെ മാത്തൻചേട്ടൻ വന്നു, ചാക്കൊ മുതലാളിയുടെ മകൻ" എന്നാട്ടഹസിച്ചുകൊണ്ടു് കൊച്ചുമേരി അകത്തേയ്ക്കു് പാഞ്ഞു. അനന്തരം ചാണ്ടിമേസ്തിരി കട്ടിലിൽനിന്നു് തപ്പിപ്പിടിച്ചു് എഴുന്നേററു് പൂമുഖത്തെക്കെത്തി. മാത്തൻകുഞ്ഞു് ആ വൃദ്ധന്റെ മുമ്പിൽ നമസ്കരിച്ചുകൊണ്ടു് പറഞ്ഞു: —

"അങ്ങു് എന്റെ അപ്പച്ചനും, എനിയ്ക്കും ചെയ്ത ഉപകാരത്തിന്നു് പ്രത്യുപകാരം ചെയ്യാൻ ഈ സന്നിദ്ധസമയത്തു് എന്നെ ദൈവം വിദൂരദേശത്തുനിന്നു് ഇങ്ങോട്ടു്പറഞ്ഞയച്ചതാണു്. ഇതാ, അവിടുന്നു് അന്നു ഞങ്ങൾക്കു് സഹായിച്ച മൂന്നു് ലക്ഷം രൂപയ്ക്കുള്ള ചെക്കു്. പലിശയും മററും വഴിയെ തന്നുകൊള്ളാം."

മേസ്തിരി അത്യത്ഭുതത്തോടെ:—

മാത്തൻകുഞ്ഞേ, എന്താണിതു് കഥ? മോനെ, മരിച്ചാൽ ജീവിച്ചുവരുന്നതും എന്റെ ഈ കണ്ണുകൊണ്ടു്

കാണാറായല്ലോ! ഞാൻ സ്വപ്നംകാണുകയാണോ, മോളേ, കൊച്ചുമേരി.”

“സ്വപ്നമൊന്നുമല്ലപ്പച്ചാ. ഇതെല്ലാം കാലത്തിൻെറ കളിയാണു്.”

“മകളേ, കൊച്ചുമേരീ, നിൻെറദൃഢനിശ്ചയം എത്ര ശ്രേഷ്ഠം! മകനെ, നിൻെറ അപ്പച്ചനും ഞാനും കൂടി ചെയ്ത പ്രതിജ്ഞയനുസരിച്ചു്, ഞാൻ മദ്യപാനം ഉപേക്ഷിയ്ക്കുകയും എൻെറ മകളെ നിനക്കു് ഭാര്യയായിത്തരികയും ചെയ്തിരിയ്ക്കുന്നു. ഈ മംഗളമുഹൂർത്തത്തിൽ ആനന്ദാശ്രു പൊഴിയ്ക്കുന്നതിന്നു് എൻെറ പ്രാണസ്നേഹിതനായ നിൻെറ അപ്പച്ചന്നു് സംഗതിവന്നില്ലല്ലോ എന്ന ഒരു ഖേദം മാത്രമാണു് എൻെറ ഹൃദയത്തെ ഇപ്പോൾ കുത്തിത്തുളയ്ക്കുന്നതു്. എന്തു് ചെയ്യാം. ദൈവഹിതം അങ്ങിനെയല്ലായിരിയ്ക്കാം. മകളെ, നിങ്ങളുടെ ചരിത്രം അത്യത്ഭുതമെന്നേ പറയാവൂ.

അധികദിവസങ്ങൾ കഴിയുന്നതിന്നു മുമ്പുതന്നെ അവരെല്ലാവരും കുടുംബസഹിതം ബോമ്പയിലേയ്ക്കു് പോയി. ഹാജിമൂസ കാസിം സേട്ടു് പാക്കിസ്ഥാനിലേയ്ക്കു് യാത്രപറഞ്ഞു് പിരിഞ്ഞു

ചാണ്ടിമേസ്തിരി ഇപ്പോൾ സോമകല്പചികിത്സ കഴിഞ്ഞതുപോലെ ഒരു ഇരുപതു് വയസ്സിളപ്പെട്ടിരിയ്ക്കയാണു്. അദ്ദേഹത്തിൻെറ ഷഷ്ടിപൂർത്തിമഹാമഹവ[illegible] മേരീമാത്തന്മാരുടെ വിവാഹവും അതിവിപുലമ[illegible]

പാടിയിൽ ബോംബെ നഗരത്തിൽ വെച്ച് സ്മംഗളം നിർവ്വഹിയ്ക്കപ്പെട്ടു.

മേസ്തിരി ഇപ്പോഠം ബോമ്പയിലെ ഒരു പ്രസിദ്ധ കൺട്രാക്ടരാണ്. മാത്തൻെറ വ്യാപാരം നാഠംക്കുനാഠം അഭിവൃദ്ധിപ്പെട്ടുകൊണ്ടുതന്നെ വരുന്നു.

* * * * * * *

ചാണ്ടി മേസ്തിരിയോ, പ്രിൻസിപ്പൽ ഖാൻ സാഹിബോ, ഹാജി മൂസാ കാസിം സേട്ടോ, ആരാണു് മാത്തൻ കുഞ്ഞിനെ കൂടുതൽ ആത്മാത്ഥമായി സഹായിച്ചതെന്നു് മാന്യ വായനക്കാർ അവധാനപൂവ്വം ചിന്തിച്ച് തീരുമാനിച്ചാലും!

ശുഭം.



KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No .............. Acc. No....................

This book should be returned on or before the date last stamped below.

16 DEC 1991
28 JAN 1992
19 MAR 1992

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

MF3 79792

ജോസഫ് ചെറുവണ്ണൂർ

കാലത്തിന്റെ കളി

# കാലത്തിൻെറ കളി

## ജോസഫ് ചെറുവത്തൂർ

നോവൽ, നാടകം, കവിത തുടങ്ങിയ സാഹിത്യശാഖകളിൽ ധാരാളമായി പ്രവർത്തിച്ച് പേരെടുത്ത ജോസഫ് ചെറുവത്തൂർ രചിച്ച ഒരു ചെറിയ നോവലാണ് 'കാലത്തിൻെറ കളി'. തണ്ടിലേറി നടന്നവനെ തണ്ടിൽനിന്നിറക്കുകയും, മാളികമുകളേറിയ മന്നൻെറ തോളിൽ മാറാപ്പു കേറ്റുകയും ചെയ്യുന്നതോടൊപ്പം, മാറാപ്പിരുന്ന ശിരസ്സിൽ മണിക്കിരീടം ചൂടിക്കുകയും ചെയ്യുന്നതു് കാലമാണ്. ആ കാലത്തിൻെറ കളിയെ സ്പഷ്ടമാക്കുന്ന സംഭവങ്ങൾ ഈ കഥയെ ഹൃദ്യമാക്കിത്തീർക്കുന്നു.

ഈ കഥയെ അവതരിപ്പിച്ചുകൊണ്ട് പ്രശസ്ത പണ്ഡിതനായിരുന്ന കെ. വി. എം. ഇപ്രകാരം എഴുതിയിരിക്കുന്നു: "സാഹിത്യഗുണം തികഞ്ഞ ഈ ചെറുപുസ്തകം കൈരളിക്കു കൈവന്ന ഒരു യഥാർത്ഥ സമ്പാദ്യംതന്നെയെന്ന്" നിസ്സംശയം പറയാം.

കാലത്തിൻെറ കളിയെ സ്പഷ്ടമായി ഉദാഹരിക്കുന്ന ഈ കഥ സ്നേഹത്തിൻെറ കളിക്കും ഒരു തികഞ്ഞ ഉദാഹരണമാകുന്നു. മിത്രസ്നേഹമോ, പിതൃപുത്രസ്നേഹമോ, ഗുരുശിഷ്യസ്നേഹമോ ഏ... ന്ന് ഈ കഥ വായിക്കുന്ന

വക ...


ന ൽ ബുക്ക്സ്റ്റാൾ

കോട്ടയം

ന്തപുരം എറണാകുളം തൃശ്ശൂർ